17

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. **241** 09/07/2010-ൽ മറുപടിക്ക്

വരൾച്ചാ ദുരിതാശ്വാസമായി ലഭിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ്ജ്.എം.തോമസ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>****** | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി)<br>... |
| (എ) കഴിഞ്ഞ വരൾച്ചാ കാലത്ത് സംസ്ഥാനത്ത് കാർഷിക മേഖലയിൽ എന്തുമാത്രം നാശനഷ്ടങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ; | (എ) 2010-ലെ വേനൽക്കാലത്തുണ്ടായ വരൾച്ചമൂലം 17,734 ഹെക്ടർ സ്ഥലത്ത് കൃഷിനാശം ഉണ്ടായി. ഇതുമൂലം 93.1 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതേ കാലയളവിൽ തന്നെ പെട്ടെന്നുണ്ടായ വേനൽമഴയിൽ 11,89,60,000/ രൂപയുടെ കൃഷിനാശം സംഭവിക്കുകയും അതിനുശേഷം ഇടുക്കി ജില്ലയിൽ ആനവിലാസം വില്ലേജിൽ മാത്രമുണ്ടായ മഞ്ഞുമഴയിൽ 354.68 ഹെക്ടർ വരുന്ന കൃഷിയിടങ്ങളിൽ 31,78,00,000/- രൂപയുടെ കൃഷിനാശം സംഭവിച്ചു. |
| (ബി) വരൾച്ച മുലമുള്ള കൃഷി നാശം ലഘൂകരിക്കുന്ന തിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) വരൾച്ച മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിനായി കൃഷി വകുപ്പ് കർഷകർക്ക് താഴെ പറയുന്ന കാര്യങ്ങളിൽ മുന്നറിയിപ്പുകൾ/പരിശീലനങ്ങൾ നൽകി യിട്ടുണ്ട്.<br>1) കുളങ്ങൾ, ചിറകൾ എന്നിവുയുടെ ജല ലഭ്യത ഉറപ്പുവരുത്തുക<br>2) മൂന്നാംവിള കാലത്ത് എള്ള്, പയർ കൃഷി ചെയ്ത് ഫലഭൂയിഷ്ഠത നിലനിർത്തുകയും ജല ബാഷ്പീകരണം തടയുകയും ചെയ്യുക<br>3) പച്ചിലകൾ ഉപയോഗിച്ച് തെങ്ങിന്റെ ചുവട്ടിൽ പുതയിടുക<br>4) പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ആവശ്യാധിഷ്ഠിത ജലസേചനം പ്രാവർത്തികമാക്കി<br>5) ഡ്രിപ്പ്/സ്പിംഗ്ളർ ജലസേചനം നടത്തുന്നതിന് കർഷകരെ പ്രേരിപ്പിക്കുക<br>6) കൊടുംവരൾച്ചയ്ക്ക് മുൻപുതന്നെ നെൽ കൃഷിയുടെ വിളവെടുപ്പ് പ്രേരിപ്പിച്ചു. |
| (സി) വരൾച്ച നേരിടുന്നതിനും കൃഷി നാശം സംഭവിച്ച കർഷകർക്ക് ആശ്വാസം നൽകുന്നതിനുമായി സർക്കാർ എത്ര ലക്ഷം രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) ജില്ലകൾക്ക് 10 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് 15 കോടി രൂപയും സർക്കാർ അടിയന്തിര ധനസഹായം അനുവദിച്ചു. |

| | | | |
|---|---|---|---|
| | വരൾച്ച മൂലമുള്ള കൃഷി നാശം വിലയിരുത്തുന്നതിനും സഹായം അനുവദിക്കുന്നതിന് ശുപാർശ നൽകുന്ന തിനുമായി കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചി രുന്നുവോ; | (ഡി) | 2010 മാർച്ച് മുതൽ മെയ് മാസങ്ങളിൽ കേരളത്തിൽ അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് 164 കോടി രൂപ കേന്ദ്ര സഹായം അഭ്യർത്ഥിച്ച് കൊണ്ട് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2010 മെയ് 18 മുതൽ 21 വരെ വരൾച്ചയും വേനൽമഴയും മൂലമുള്ള നാശനഷ്ടങ്ങൾ പഠിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയ ജോയിന്റ് സെക്രട്ടറി ശ്രീ.അത്തനുപുരക്കായസ്തയുടെ നേതൃത്വ ത്തിലുള്ള കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നു. |
| (ഇ) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടു ണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | കേന്ദ്ര സഹായം അനുവദിച്ചതായി അറിയി പ്പൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :242 09/07/2010-ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ) സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഈ അദ്ധ്യയന വർഷം മുതൽ സ്കൂളിൽ പാൽ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ) ഉണ്ട്. ഉച്ചഭക്ഷണ പദ്ധതിയിൽപ്പെട്ട 8- ാം ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ആഴ്ചയിൽ രണ്ടു ദിവസം 150 മി. ലിറ്റർ പാൽ വീതം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ബി) ഇത്തരമൊരു പദ്ധതി ആവിഷ്കരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

ബി) 2008-09 ൽ 1628943 വിദ്യാർത്ഥികളിൽ കായിക ക്ഷമതാപരിശോധന നടത്തിയപ്പോൾ, അഭികാമ്യമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ കായികക്ഷമതാ നിലവാരമെങ്കിലും നേടാൻ കഴിഞ്ഞത് 19.61 ശതമാനം പേർക്കു മാത്രമായിരുന്നു. എല്ലാ പരിശോധനകളിലും 75 പോയിന്റിന് മുകളിൽ നേടാനായത് കേവലം 4.1 ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമായിരുന്നു. കൂടാതെ, 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 33 ശതമാനത്തിൽ കുറവ് പരീക്ഷാഫലം ഉണ്ടായിരുന്ന 104 സ്കൂളുകളിലെ

പിന്നാക്കാവസ്ഥയുടെ കാരണം കണ്ടെത്താനുള്ള പ ഠനം നടത്തിയപ്പോൾ പഠന പിന്നാക്കാവസ്ഥയുടെ പ്രധാന കാരണമായി കണ്ടെത്തിയത് വിദ്യാർത്ഥികളുടെ ഇടയിലെ പോഷകാഹാരക്കുറവായിരുന്നു. ഇതു പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊണ്ടപ്പോൾ പ്രോഹത്സാഹനജനകമായ ഫലമാണുണ്ടായത്. കുട്ടികളുടെ പോഷകാഹാരക്കുറവ് അവരുടെ പ ഠനത്തേയും ആരോഗ്യത്തെയും ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട് . അതിനാൽ കുട്ടികളുടെ പോഷകാഹാര ക്കുറവ് പരിഹരി ക്കാനാണ് ഈ പദ്ധതി

സി) ആവിഷ്ക്കരിക്കുവാൻ തീരുമാനിച്ചത്.

സി) എത്ര ലക്ഷം കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

ഏകദേശം 29 ലക്ഷം

ഡി) കുട്ടികൾക്ക്. (ഇരുപത്തിയൊൻപത് ലക്ഷം)

ഡി) കുട്ടികൾക്ക് ആവശ്യമായ പാൽ എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇ) മിൽമ വഴി ഇതു സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു.

ഇ) കുട്ടികളുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പി.റ്റി.എ.യുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹകരണത്തോടെ പദ്ധതി വിപുലീകരിക്കുന്നതിന് ശ്രമിക്കുമോ

പാൽ നൽകുന്നതിനായി 40 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുക തുക ഉപയോഗിച്ച് ആഴ്ചയിൽ ഒരു ഗ്ലാസ്സ് പാൽ (150 മി. ലിറ്റർ) നൽകുവാനേ കഴിയൂ. എന്നാൽ ആഴ്ചയിൽ രണ്ടു ദിവസം പാൽ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടുതൽ വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ

നിന്നു സമാഹരിക്കുവാൻ ശ്രമിച്ചു വരുന്നു.

| | | | |
|---|---|---|---|
| എഫ്) | സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി പോഷക സമൃദ്ധമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | എഫ്) | ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഇതിന്റെ ഭാഗമായി അരിയുടെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഉച്ചഭക്ഷണപരിപാടിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ജനകീയ സഹകരണത്തോടെ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണകുറിപ്പ്</u>

2010-11 വർഷത്തിലെ ബഡ്ജറ്റിലെ സംസ്ഥാന പദ്ധതിയിനത്തിൽ സ്കൂൾ കുട്ടികൾക്ക് പാൽ വിതരണം നടത്തുന്നതിലേക്കായി 2202-01-800-85 (പ്ലാൻ) എന്ന ശീർഷകത്തിൽ 22 കോടി രൂപയും ഒറ്റത്തവണ അധിക കേന്ദ്ര സഹായ പദ്ധതി വഴി പാൽ വിതരണത്തിനായി 2202-01- 800- 84 (പ്ലാൻ) എന്ന ശീർഷകത്തിൽ 18 കോടി രൂപയും ചേർത്ത് ഈ പുതിയ പദ്ധതിയ്ക്കായി മൊത്തം 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഏകദേശം 29 ലക്ഷം വിദ്യാർത്ഥികൾ ഉച്ച ഭക്ഷണ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നവരാണ്. നിലവിൽ ഈ വിദ്യാർത്ഥികൾക്ക് ആഴ്ചയിലൊരു ദിവസം പാകം ചെയ്ത മുട്ട നൽകിവരുന്നു. പുതിയ പദ്ധതി പ്രകാരം ആഴ്ചയിൽ രണ്ടു ദിവസം ഉച്ചഭക്ഷണപദ്ധതിയിൽപ്പെട്ട 8-ാം ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും 150 മി. ലിറ്റർ പാൽ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. കുട്ടികളിലെ പോഷകാഹാരകുറവ് പരിഹരിക്കുവാൻ ഒരു പരിധിവരെ ഈ പദ്ധതി കൊണ്ട് കഴിയും. ടി പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ താഴെ പറയും പ്രകാരം ചെലവ് വരും. നിലവിലുള്ള മാർക്കറ്റ് വില അനുസരിച്ച് 150 മി. ലിറ്റർ പാലിന് 3.45 രൂപ വില വരും. അങ്ങനെയാണെങ്കിൽ ഒരു വർഷത്തേക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏകദേശം 80,04,00,000/— രൂപ ചിലവ് വരും.

(3.45 x 2900000 x 80 ദിവസം = 80,04,00,000/—)

ഇതിൻെറ നടത്തിപ്പിലേക്കായി ബാക്കി വരുന്ന തുക സർക്കാർ വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു. പാൽ വിതരണം സംബന്ധിച്ച് മിൽമാ ഡയറക്ടറുമായും കൂടുതൽ ആവശ്യം വരുന്ന തുക കണ്ടെത്തുവാൻ വിവിധ വകുപ്പുകളുടെയും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. 24/06/2010 ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മിൽമ ഡയറക്ടറുമായും മറ്റു വകുപ്പു പ്രതിനിധികളുമായും ഒരു യോഗം ചേർന്ന് സാദ്ധ്യതകൾ ചർച്ച ചെയ്യുകയുണ്ടായി. തുടർ നടപടി സ്വീകരിച്ചു വരുന്നു.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 243

9/7/2010- ൽ
മറുപടിയ്ക്ക്

ഉന്നതവിദ്യാഭ്യാസ രംഗത്തെ നിക്ഷേപം

ചോദ്യം

ഉത്തരം

ശ്രീ. കെ.ടി.ജലീൽ:
ശ്രീ.വി.ശിവൻകുട്ടി:
പ്രൊഫ.സി.രവീന്ദ്രനാഥ്:

ശ്രീ. എം.എ. ബേബി
( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉന്നതവിദ്യാഭ്യാസ രംഗത്ത് എത്ര കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നിക്ഷേപം സംബന്ധിച്ച് വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഐ.ഐ.എസ്.ടി | - 270 കോടി രൂപ |
| ഐ.ഐ.എസ്.ഇ.ആർ | - 500 കോടി രൂപ |
| കേന്ദ്ര സർവ്വകലാശാല | - 720 കോടി രൂപ |
| അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം കാമ്പസ് | - 400 കോടി രൂപ |

ബി) ഇതിനകം ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു;

(ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ റിസർച്ച്, തിരുവനന്തപുരം കേന്ദ്ര സർവ്വകലാശാല കാസർഗോഡ്, എന്നിവയാണ് ആരംഭിച്ചിരിക്കുന്നത്.

സി) അടുത്തുതന്നെ പ്രവർത്തനമാരംഭിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഒരു കേന്ദ്രം മലപ്പുറം ജില്ലയിൽ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

ഡി) കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഈ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി സർക്കാരിന്റെ ഭൂമിയോ അല്ലെങ്കിൽ ഭൂമി ഏറ്റെടുത്തോ സൗജന്യമായി നൽകുന്നു. അതുകൂടാതെ ഈ സ്ഥാപനങ്ങളുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടത്താനുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. അലിഗഡ് മുസ്ലീം സർവകലാശാലയുടെ മലപ്പുറം കേന്ദ്രത്തിനായി 400 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 13.13 കോടി രൂപ ചെലവിട്ട് 122 ഏക്കർ സ്ഥലം ഏറ്റെടുത്ത് സർവ്വകലാശാലയ്ക്കു കൈമാറിയിട്ടുണ്ട്. ഐ.ഐ.എസ്.ടി ക്കു വേണ്ടി 16 കോടി രൂപ ചെലവഴിച്ച് 45 ഏക്കർ സ്ഥലം ഏറ്റെടുത്തു നൽകി. ഐ.ഐ.എസ്.ഇ.ആർ നു വേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 200 ഏക്കർ സർക്കാർ

വക സ്ഥലം സൗജന്യമായി നൽകുകയുണ്ടായി.

| | | | |
|---|---|---|---|
| (ഇ) | കാസർകോട് താൽക്കാലിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര യൂണിവേഴ്സിറ്റിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ഇ) | കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയ്ക്കായി സംസ്ഥാന ഗവൺമെന്റ് 3 സ്ഥലങ്ങൾ കണ്ടെത്തുകയും കേന്ദ്ര സംസ്ഥാന പ്രതിനിധികൾ അടങ്ങുന്ന സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലങ്ങൾ അനുയോജ്യമല്ല എന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. തുടർന്ന് സംസ്ഥാന ഗവൺമെന്റ് കൂടുതൽ അനുയോജ്യമെന്ന് കണ്ട 3 സ്ഥലങ്ങളുടെ രൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഈ ശുപാർശയിലും കേന്ദ്രഗവൺമെന്റ് അനുകൂല നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്. |
| എഫ് | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്; ഇവിടെ എത്ര കുട്ടികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട് ? | (എഫ്) | പൂർണ്ണമായും ISRO വിന്റെ കീഴിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് ടെക്നോളജിയിൽ താഴെ പറയുന്ന കോഴ്സുകളാണ് നടന്നു വരുന്നത്.<br>1. ബി.ടെക് (ഏവിയോണിക്സ് ഇഞ്ചിനീയറിംഗ്) - 65 എണ്ണം<br>2.ബി.ടെക് (എയ്റോ സ്പെയ്സ് ഇഞ്ചിനീയറിംഗ്) -52 എണ്ണം<br>3. ബി.ടെക് (ഫിസിക്കൽ സയൻസ്) - 39 എണ്ണം<br>4. എം.ടെക് ( സോഫ്റ്റ് കമ്പ്യൂട്ടിംഗ് & മെഷീൻ ലേണിംങ് ) -10 എണ്ണം<br>5. എം.ടെക് (കെമിക്കൽ സിസ്റ്റം)<br>6. എം.ടെക് (മൈക്രോവേവ് കമ്മ്യൂണിക്കേഷൻസ്)<br>7. എം.ടെക്(അപ്ലൈഡ് ആന്റ് അഡാപ്റ്റീവ് ഓപ്ടിക്സ്.<br>8. പി.എച്ച്.ഡി പ്രോഗ്രാം. 16 എണ്ണം |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 244 09/07/2010-ൽ മറുപടിക്ക്

പാഠപുസ്തക കമ്മീഷൻ രൂപീകരണം

ചോദ്യം
ശ്രീ. കെ. അജിത് :
,, വി.എസ്. സുനിൽ കുമാർ :
,, രാജാജി മാത്യു തോമസ് :
,, മാങ്കോട് രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പാഠപുസ്തക കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മീഷനിൽ ചെയർമാനടക്കം എത്ര അംഗങ്ങളുണ്ട് ; | എ) | ഉണ്ട്. ചെയർമാനടക്കം എട്ടംഗങ്ങൾ പ്രസ്തുത കമ്മീഷനിലുണ്ട്. |
| ബി) | പ്രസ്തുത കമ്മീഷൻ നിർവ്വഹിക്കേണ്ട ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | പാഠ്യപദ്ധതി സമീപന രേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളെ വിലയിരുത്തുക എന്നതാണ് പാഠപുസ്തക കമ്മീഷന്റെ മുഖ്യ ചുമതല. ടേംസ് ഓഫ് റഫറൻസ് നിർദ്ദേശിക്കുവാൻ കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | പ്രസ്തുത കമ്മീഷൻ രൂപീകരിച്ചതിനുശേഷം എത്ര സിറ്റിംഗ് കഴിഞ്ഞു; | സി) | 2010 ജൂൺ 22 ന് ആദ്യ സിറ്റിംഗ് നടന്നു. |
| ഡി) | വിദ്യാർത്ഥികളുടെ പുസ്തകഭാരം കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | ഡി) | ടേംസ് ഓഫ് റഫറൻസ് നിർദ്ദേശിക്കുന്നതിന് കമ്മീഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ പുസ്തകഭാരം കുറയ്ക്കുന്ന വിഷയം അന്വേഷണ പരിധിയിൽപ്പെടുന്നതാണോ എന്നതു സംബന്ധിച്ച കമ്മീഷന്റെ നിർദ്ദേശം അറിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം.കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:**245** 09.07.2010-ൽ മറുപടിക്ക്.

### ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ ഇന്റർനെറ്റ് ലൈബ്രറികൾ സ്ഥാപിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ.എം.എ. ബേബി |
| ശ്രീ. പി. വിശ്വൻ | (വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും |
| ശ്രീ. പി. കൃഷ്ണപ്രസാദ് | വകുപ്പ് മന്ത്രി ) |

(എ) ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ ഇന്റർനെറ്റ് ലൈബ്രറികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) കമ്പ്യൂട്ടർ ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(എ) (ബി) (സി) & (ഡി) ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ ഇന്റർനെറ്റ് ലൈബ്രറികൾ സ്ഥാപിക്കുന്നതിനായി സന്നദ്ധ സംഘടനകൾ വഴി പദ്ധതി നടപ്പാക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ബി.എസ്.എൻ.എൽ. ലാന്റ് ഫോൺ കണക്ഷനുള്ള ഉപഭോക്താക്കൾക്ക് 250/- രൂപ മാസം വാടക വരുന്ന ബി.എസ്.എൻ.എൽ ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി 150/- രൂപയ്ക്ക് ഉപഭോക്താവിന് നൽകുന്നതോടൊപ്പം കേന്ദ്ര സർക്കാർ ചില കമ്പ്യൂട്ടർ കമ്പനിയുമായുണ്ടാക്കിയ ധാരണാപത്രമനുസരിച്ച് കമ്പ്യൂട്ടർ 60 മാസം കൊണ്ട് അടച്ചു തീർക്കാവുന്ന തവണ വ്യവസ്ഥയിൽ നൽകുന്നു എന്നും ഇത് നടപ്പാക്കുന്ന സന്നദ്ധ സംഘടന അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഓരോ കമ്പ്യൂട്ടറിനും 4500/- രൂപ സബ്സിഡി നൽകുന്നു എന്നും പ്രസ്തുത സന്നദ്ധ സംഘടന അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതിനായി എത്ര രൂപ സബ്സിഡി അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഇന്റർനെറ്റ് സൗകര്യം ലഭിക്കുന്നവർ ലൈബ്രറി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

Mary Joseph K

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 246 — 09.07.2010-ലെ മറുപടി

**ഗതാഗത റഗുലേററി കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ. ജോസ് തെററയിൽ<br>ഗതാഗത വകുപ്പു മന്ത്രി | |
| എ) | പെട്രോൾ-ഡീസൽ വില വർദ്ധനവിനെ തുടർന്ന് ടാക്സി, ആട്ടോറിക്ഷാ, ബസ്സ് യാത്രാ നിരക്കുകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | ഡീസൽ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം എത്ര കോടി രൂപയുടെ അധികചെലവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്പോഴത്തെ ഡീസൽ വില വർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം 2.5 കോടി രൂപ അധിക ചെലവ് ഉണ്ടാകുന്നുണ്ട്. |
| സി) | ഇന്ധനചെലവ് വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് യാത്രാക്കൂലി നിർണ്ണയിക്കാൻ ഗതാഗത റഗുലേററി കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ ഘടന വ്യക്തമാക്കുമോ; | (സി) | ഗതാഗത മേഖലയിലെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും, യാത്രാക്കൂലി തുടങ്ങിയ മററ് വിഷയങ്ങളെപ്പററി പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു റിട്ട. ഹൈക്കോടതി ജഡ്ജി, ഗതാഗത രംഗത്തെ ഒരു വിദഗ്ധൻ, സാമ്പത്തിക രംഗത്തെ ഒരു വിദഗ്ധൻ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ഡി) | കമ്മീഷന്റെ രൂപീകരണം വൈകാതെ നടത്തുമോ; | (ഡി) | നടത്തുന്നതാണ്. |
| ഇ) | കമ്മീഷന്റെ അധികാരങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 247 — 09.07.2010-ലെ മറുപടി

## ദേശീയ ഗതാഗത വികസന കൗൺസിൽ യോഗത്തിന്റെ വിശദാംശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം. മോനായി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. വി. ശശികുമാർ | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പു മന്ത്രി |
| എ) ഡൽഹിയിൽ നടന്ന ദേശീയ ഗതാഗത വികസന കൗൺസിൽ യോഗത്തിൽ സംസ്ഥാന ഗതാഗത മന്ത്രി എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ; | (എ)<br>1. ഗതാഗതവുമായി ബന്ധപ്പെട്ട് ഒരു അഖിലേന്ത്യാ സർവ്വീസ് (Indian Transport Service) രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി<br>2. മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ നവീകരണത്തിനായി കേന്ദ്ര സഹായം ആവശ്യപ്പെടുകയുണ്ടായി<br>3. കമ്പ്യൂട്ടർവത്കൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കിനും വാഹന പരിശോധന കേന്ദ്രങ്ങൾക്കും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ കേന്ദ്ര സഹായം അഭ്യർത്ഥിക്കുകയുണ്ടായി<br>4. നഗരങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചു<br>5. റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിലേക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചു<br>6. 1989-ൽ നിലവിൽ വന്ന മോട്ടോർ വാഹന നിയമത്തിൽ കാലോചിതമായ ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി<br>7. കെ.എസ്.ആർ.ടി.സി. ബസുകളിൽ സി.എൻ.ജി. ഉപയോഗിക്കുന്നതിന് സാങ്കേതിക സഹായം നല്കുന്നതിനും ഇതേ കുറിച്ച് പഠനം നടത്തുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചു |

8. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള 6 വർഷത്തിലേറെ പഴക്കമുള്ള ബസുകൾക്ക് പകരമായി പുതിയ ബസുകൾ വാങ്ങുന്നതിലേക്കായും സി.എൻ.ജി. മുതലായ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം അഭ്യർത്ഥിക്കുകയുണ്ടായി.

| | | |
|---|---|---|
| ബി) പ്രസ്തുത കൗൺസിൽ യോഗം കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണ്; | (ബി) | 1. സെക്രട്ടറി, ഉപരിതല ഗതാഗതം & ദേശീയ പാത, ചെയർമാനായിട്ടുള്ള സമിതിയുടെ ശുപാർശ അംഗീകരിച്ച് കൊണ്ട് നാഷണൽ പെർമിററ്. വാഹനങ്ങൾക്ക് മൊത്തതും കോംപോസിററ് ഫീസ് മാതൃ സംസ്ഥാനത്ത് ഒടുക്കി രാജ്യത്തൊട്ടാകെ തടസരഹിതമായി സഞ്ചരിക്കുവാൻ അനുവാദം നല്കാൻ തീരുമാനിച്ചു. കോംപോസിററ് ഫീസ് സംസ്ഥാനങ്ങൾക്ക് വീതിക്കുന്നത് സംബന്ധിച്ച് ഒരു ഫോർമുല തയ്യാറാക്കുവാൻ ഏതാനും സംസ്ഥാനങ്ങളുടെ ഗതാഗത മന്ത്രിമാരുടെ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു<br>2. എല്ലാ സംസ്ഥാനങ്ങളോടും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വാഹന പരിശോധന നടത്തുവാനായി സംയോജിത ചെക്ക് പോസ്ററുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ അടിയന്തിരമായി തുടങ്ങുവാൻ നിർദ്ദേശിച്ചു<br>3. ടൂറിസ്ററ് വാഹനങ്ങൾക്ക് അടിക്കടി ഉണ്ടാകുന്ന പരിശോധന നിമിത്തമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു. ഇതിനായി ഡൽഹി-ആഗ്ര-ജയ്പൂർ സുവർണ്ണത്രികോണം മാതൃകയാക്കുന്നത് പരിഗണിക്കുവാനും നിർദ്ദേശിച്ചു<br>4. മോട്ടോർ വാഹന നിയമ |

ത്തിലെ 215-ാം വകുപ്പ് പ്രകാര മുള്ള സംസ്ഥാനതല റോഡ് സുരക്ഷാ കൗൺസിലുകളും ജില്ലാതല റോഡ് സുരക്ഷാ കമ്മിററികളും രണ്ട് മാസത്തിനുള്ളിൽ രൂപീകരി ക്കുവാൻ അടിയന്തിര നടപടി കൾ സ്വീകരിക്കണമെന്ന് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു

5. വാഹനങ്ങളിൽ അമിത ഭാരം കയററുന്നത് തടയുന്നതിന് വേണ്ടി ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുവാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു
6. അതിസുരക്ഷാ നമ്പർ പ്ലേററു കൾ നടപ്പാക്കാനുള്ള ക്രമീകര ണങ്ങൾ 31.05.2010 ന് മുമ്പാകെ പൂർത്തിയാക്കണമെന്ന് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു
7. രജിസ്ട്രേഷൻ സർട്ടിഫിക്കററു കളുടേയും ഡ്രൈവിംഗ് ലൈസൻസുകളുടേയും നാഷണൽ രജിസ്റ്ററും സ്റ്റേററ് രജിസ്റ്ററും 31.03.2010-നകം പൂർ ത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണ മെന്ന് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു
8. പൊതുഗതാഗത സംവിധാന ത്തിന്റെ ഗുണമേന്മ മെച്ചപ്പെടു ത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാനും ഗ്രാമീണ മേഖലയെ ബന്ധപ്പെ ടുത്തിയിട്ടുള്ള ഗതാഗതത്തിന് ഊന്നൽ നല്കണമെന്നും ഇവയ്ക്ക് പുറമേ സ്റ്റേററ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് മൂലധന സഹായം, നികുതിയിളവുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതും യാത്രക്കൂലി ഘടന സംബന്ധിച്ച് സ്വയം ഭരണാധികാരം നല്കുന്ന കാര്യവും സംസ്ഥാന സർക്കാരുകൾ പരിഗണിക്കേ ണ്ടതാണ്
9. ട്രാഫിക് നിയമങ്ങൾ

കർശനമായി നടപ്പാക്കുന്നതിനും ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് വേണ്ട നടപടികൾ സംസ്ഥാന സർക്കാരുകൾ സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ ഗതാഗത രംഗത്തെ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് പ്രസ്തുത കൗൺസിൽ എന്തെങ്കിലും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്തിന് മാത്രമായി പ്രത്യേക പദ്ധതികൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല. |
| ഡി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ, സി.എൻ.ജി. ഉപയോഗിക്കുന്നതിന് ഡൽഹിക്കു നൽകിയതുപോലെയുള്ള സഹായം, കേരളത്തിനും നൽകണമെന്ന നിർദ്ദേശം കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| ഇ) | കേരളത്തിന്റെ റോഡു സുരക്ഷാ അതോറിററിയുടെ പ്രവർത്തനം കൗൺസിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.248

09.07.2010-ൽ
മറുപടിയ്ക്ക്

### ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.ബാബു പോൾ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(ബഹു: റവന്യൂ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) മിച്ച ഭൂമി വിതരണ പ്രകാരവും ഭൂമി പതിവു ചട്ടങ്ങൾ പ്രകാരവും ഭൂമി പതിച്ചു നൽകുമ്പോൾ ആദിവാസികൾക്ക് മുൻഗണന നൽകുന്നുണ്ട്. 2006-ലെ വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് അവകാശ രേഖ നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ (TRDM) വഴിയും വ്യവസ്ഥകൾക്ക് വിധേയമായി ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ആദിവാസി വനാവകാശ നിയമം അനുസരിച്ച് സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് ഭൂമി നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) 2006 ലെ വനാവകാശ നിയമ പ്രകാരം 03.07.2010 വരെ 9338 ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയിന്മേലുള്ള അവകാശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനായി 1999 ലെ പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമ പ്രകാരമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;<br>(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; ആറളം ഫാമിൽ എത്ര പേർക്ക് ഭൂമി നൽകി; ഇനി എത്ര കുടുംബങ്ങൾക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) & (ഇ)<br>ആദിവാസികൾക്ക് നിയമാനുസൃത പ്രാതിനിധ്യം നൽകി ഭൂമിയുടെ ലഭ്യതയ്ക്ക് വിധേയമായി ഭൂമി വിതരണം ചെയ്തു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 03.07.2010 വരെ ആറളം ഫാമിലുൾപ്പെടെ 13216 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആറളം ഫാമിൽ 1594 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ ആറളം ഫാമിൽ ബാക്കിയുള്ള പ്ലോട്ടുകൾ 1100 കുടുംബങ്ങൾക്ക് ഒരേക്കർ വീതം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 249 — 9/7/2010- ൽ മറുപടിയ്ക്ക്

## പ്രത്യേക തൊഴിലധിഷ്ഠിത പരിശീലന പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ. ബി.രാഘവൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>പ്രൊഫ.സി.രവീന്ദ്രനാഥ്: | ശ്രീ. എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) ഗവ.എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി ആവിഷ്ക്കരിച്ച പ്രത്യേക തൊഴിലധിഷ്ഠിത പരിശീലന പരിപാടിയുടെ വിശദാംശം നൽകുമോ;<br><br>ബി) എന്തെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളിലാണ് പരിശീലനം നൽകുന്നത് ; | എ) യും (ബി) യും 2009-10 വാർഷിക പദ്ധതി മുതൽ പട്ടിക ജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പുതിയ ശീർഷകത്തിൽ ഒരു നിശ്ചിത തുക പൂൾഡ് ഫണ്ടായി നീക്കിവച്ചിരിക്കുന്നു. അതിൽ നിന്ന് ലഭിക്കുന്ന തുക ഉപയോഗിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ടെക്നിക്കൽ ഹൈസ്ക്കൂൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിത കോഴ്സുകൾ 2009-10 മുതൽ നടപ്പിലാക്കിവരുന്നു.<br>എഞ്ചിനീയറിംഗ് കോളേജുകൾ താഴെ വിവരിക്കുന്ന കോഴ്സുകളിൽ പരിശീലനം നൽകുന്നു.<br>1. റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്<br>2. അലൂമിനിയം ഫാബ്രിക്കേഷൻ<br>3. അഡ്വാൻസ്ഡ് വെ ൽഡിംഗ്<br>4. കാർപെന്ററി ആന്റ് പവ്വർ ടൂൾസ്<br>5. ടോട്ട ൽ സ്റ്റേഷൻ<br>6. ഇലക്ട്രിക്കൽ വയറിംഗ്<br>7. മെയിന്റനൻസ് ഓഫ് ഹോം അപ്ലയൻസസ്<br>8. ലബോറട്ടറി പ്രാക്ടീസ് ഇൻ സോയിൽ മെക്കാനിക്സ്<br>9. ഡാറ്റാ എൻട്രി ഓപ്പറേഷൻസ്<br>10. മൾട്ടിമീഡിയ ആപ്ലിക്കേഷൻസ്<br>11. ഗ്രാഫിക്സ് ആന്റ് 3 -ഡി ആനിമേഷൻ<br><br>പോളിടെക്നിക്കുകളിലൂടെയും ടെക്നിക്കൽ ഹൈസ്കൂളുകളിലൂടെയും താഴെ വിവരിക്കുന്ന കോഴ്സുകളിൽ പരിശീലനം നൽകുന്നു.<br>1. അലൂമിനിയം ഫാബ്രിക്കേഷൻ ആന്റ് ഗ്ലാസ് കട്ടിംഗ്<br>2. മൊബൈൽ ഫോൺ ടെക്നോളജി<br>3. ഇലക്ട്രിക്കൽ വയർമാൻ ടെക്നോളജി<br>4. ജെ.സി.ബി.ട്രെയിനിംഗ് |

5. വെൽഡിംഗ് ടെക്നോളജി

6. കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് ആന്റ് നെറ്റ് വർക്കിംഗ്

7.ഡി.ടി.പി. കോഴ്സ് (ഇംഗ്ലീഷ് ആന്റ് മലയാളം)

8.Tally9.0ഉപയോഗിച്ചുള്ള കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്

9. ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചുകൊണ്ടുള്ള സർവ്വേയിംഗ്

10. ആട്ടോകാഡ്

11.പ്ലംബിംഗ്

12.വീഡിയോ എഡിറ്റിംഗ് ടെക്നോളജി

13.റഫ്രിജറേഷൻ/എയർ കണ്ടീഷനിംഗ് ഉപകരണങ്ങളുടെ റിപ്പയറിംഗും മെയിന്റനൻസും

14.ലേത്ത് മെഷീൻ ഓപ്പറേറ്റിംഗ് കോഴ്സ്

15.ഫൈബർ റീ -ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് പ്രോസസ്

16.ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗും മെയിന്റനൻസും

17.മെയിന്റനൻസ് ഓഫ് 2 ആന്റ് 3 വീലർ

18.അഡ്വാൻസ്ഡ് വെൽഡിംഗ് ടെക്നോളജി

19.പ്രിന്റിംഗ് ടെക്നോളജി

| | | | |
|---|---|---|---|
| സി) | പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതിക്കായി സാമ്പത്തിക സഹായം നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | സാമ്പത്തിക സഹായം നൽകും. 2009-10 സാമ്പത്തികവർഷത്തിൽ ഈ പദ്ധതികൾക്കായി 68.26 ലക്ഷം രൂപ അനുവദിച്ചു. 2010-11 സാമ്പത്തിക വർഷം 9 ഗവ.എഞ്ചിനീയറിംഗ് കോളേജുവഴി ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 48.71 ലക്ഷം രൂപ അനുവദിച്ചു. പോളിടെക്നിക്ക്/ടെക്നിക്കൽ ഹൈസ്കൂൾ വഴി പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി ആവിഷ്ക്കരിച്ച പ്രത്യേക തൊഴിലധിഷ്ഠിത പദ്ധതികൾക്കായി 266.7 ലക്ഷം രൂപ അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| ഡി) | ഈ വർഷം എത്ര പേർക്ക് പ്രവേശനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ? | (ഡി) | 3190 പേർക്ക് പേർക്ക് പ്രവേശനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-250 09-07-2010 ൽ മറുപടിയ്ക്ക്.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

**ശ്രീ. തോമസ് ചാഴികാടൻ**
**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. ജോസഫ് എം. പുതുശ്ശേരി**
**ശ്രീ. തോമസ് ഉണ്ണിയാടൻ**

**ഉത്തരം**

**ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ.,

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഡിഗ്രി തലത്തിൽ ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തി . ബിരുദാനന്തര പഠനം, അദ്ധ്യാപക പരിശീലനം പരീക്ഷ നടത്തിപ്പ്, സർവ്വകലാശാല നിയമങ്ങൾ എന്നിവ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ തലത്തിൽ സാമൂഹിക നീതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് സമീപസ്ഥ കോളേജുകളുടെ ക്ളസ്റ്ററുകൾ സ്ഥാപിച്ചുവരുന്നു . സംസ്ഥാനത്തുള്ള സർവ്വകലാശാലകളിലെ ഗവേഷകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനായി അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ പരിപാടികളും ഗവേഷണവും , അദ്ധ്യാപക സന്ദർശന പരിപാടികൾ തുടങ്ങിയവയാണ് ഈ കേന്ദ്രങ്ങൾ നടത്തുക. അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രസർവ്വകലാശാല കാസർഗോഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അലിഗഢ് മുസ്ലീം സർവ്വകലാശാലയുടെ കാമ്പസ് മലപ്പുറത്ത് ഈ വർഷം തന്നെ ക്ളാസുകൾ ആരംഭിക്കുന്നുണ്ട് . സർവ്വകലാശാലകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശത്തേയും സ്വദേശത്തേയും പ്രമുഖ പണ്ഡിതൻ മാരോടും മികവുറ്റ അദ്ധ്യാപകരോടും ആശയവിനിമയം നടത്തുന്നതിന് ദി എറുഡേറ്റ് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട് വിദ്യാർത്ഥികൾക്ക് വേണ്ടി നിരവധി സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഹ്രസ്വകാല ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കായി ആസ്പയർ എന്ന സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| ബി | നിലവിൽ കോളേജ് അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്ന അക്കാദമിക് സ്റ്റാഫ് കോളേജുകൾക്ക് നിലവാരം പോരായെന്നുള്ള വിലയിരുത്തൽ സർക്കാരിനുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി & സി | കേരള സർവ്വകലാശാലയുടെ കീഴിൽ യു.ജി.സി ധനസഹായത്തോടെ പ്രവർത്തിക്കുന്ന അക്കാദമിക് സ്റ്റാഫ് കോളേജ് ദേശീയതലത്തിൽ ഒന്നാം സ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ് .കണ്ണൂർ സർവ്വകലാശാലയിൽ അക്കാദമിക് സ്റ്റാഫ് കോളേജ് സമീപകാലത്താണ് പ്രവർത്തിക്കാൻ തുടങ്ങിയത്. കേരള സർവ്വകലാശാലയുടെ അക്കാദമിക് സ്റ്റാഫ് കോളേജിൽ യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| സി | പ്രസ്തുത കോളേജുകളുടെ പോരായ്മകൾ നികത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | | |
| ഡി | ശാസ്ത്ര -സാങ്കേതിക വിഷയങ്ങളിലുണ്ടാകുന്ന നൂതന വികാസ പരിണാമങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഉപയുക്തമാകുന്ന തരത്തിൽ നിലവിലുള്ള സ്റ്റാഫ് കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ഡി | കാലാകാലങ്ങളിൽ സിലബസ് പരിഷ്ക്കരണം , പുതിയ കരിക്കുലം രൂപീകരിക്കൽ പുതിയ വിഷയങ്ങളിൽ ട്രെയിനിംഗ് നടത്തുക എന്നീ പ്രവർത്തനങ്ങൾ സ്റ്റാഫ് കോളേജ് നടത്തിവരുന്നുണ്ട്. യുജിസി സഹായം കിട്ടുന്ന മുറയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കാവുന്നതാണെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 251 9-7-2010-ലെ മറുപടി

## കെ.എസ്.ആർ. ടി.സി. യുടെ ദീർഘദൂര സർവ്വീസുകളിലെ ഡ്രൈവർമാരുടെ ശാരീരികക്ഷമത.

ചോദ്യം

ശ്രീ. എൻ. ശക്തൻ
ശ്രീ. ജി. കാർത്തികേയൻ
ശ്രീ. എം.മുരളി
ശ്രീ. കെ. അച്ചുതൻ

ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ.ടി.സിയുടെ ദീർഘദൂര വാഹനങ്ങളുടെ വേഗതാ പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. എല്ലാ വാഹനങ്ങളുടെയും വേഗതാ പരിധി 60 Km./hr. ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ; | (ബി) | നിരത്തിലോടുന്ന കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ബസ്സുകളിലും വേഗമാനകങ്ങൾ ഘടിപ്പിക്കുകയും ഇത്തരത്തിൽ ഒരു മണിക്കൂറിൽ 60 കി.മീ. എന്ന നിരക്കിൽ വേഗതാ പരിധി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | വേഗതാപരിധി കൂട്ടി വണ്ടികൾ ഓടാറുണ്ടോ; | (സി) | ഇല്ല. കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ബസ്സുകളിലും വേഗമാനകങ്ങൾ ഘടിപ്പിച്ച് വേഗത 60 Km./hr. ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ അവയുടെ വേഗതാ പരിധി കൂട്ടുവാൻ കഴിയില്ല. |
| (ഡി) | ദീർഘദൂര സർവ്വീസുകളിൽ/ അന്തർ സംസ്ഥാന സർവ്വീസുകളിൽ 2 ഡ്രൈവർ മാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വീസുകളിൽ എന്നും ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി. താഴെപറയുന്ന സർവ്വീസുകൾക്ക് 2 ഡ്രൈവർ മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.<br><br>തിരുവനന്തപുരം - ബാംഗ്ലൂർ<br>കൊട്ടാരക്കര - ബാംഗ്ലൂർ<br>തിരുവല്ല - ബാംഗ്ലൂർ<br>കോട്ടയം - ബാംഗ്ലൂർ<br>എറണാകുളം - ബാംഗ്ലൂർ<br><br>കൂടാതെ നിരവധി ദീർഘദൂര സർവ്വീസുകൾക്ക് വിവിധ യൂണിറ്റുകളിൽവച്ച് ഡ്രൈവർമാരെ മാറ്റിയും (ക്രൂചെയിഞ്ച്/ഡ്രൈവർ ചെയിഞ്ച്) സർവ്വീസ് നടത്തുന്നുണ്ട്.<br><br>അപകടരഹിതവും, ആയാസരഹിതവുമായ ഡ്രൈവിംഗ് വിഭാവനം ചെയ്തുകൊണ്ടാണ് ഇപ്രകാരം അന്തർ സംസ്ഥാന / ദീർഘദൂര സർവ്വീസ്സുകളിൽ 2 ഡ്രൈവർമാരെ നിയോഗിച്ചുവരുന്നത്. |
| (എഫ്) | ദീർഘദൂര സർവ്വീസുകളിലെ ഡ്രൈവർമാർക്ക് വിശ്രമം ലഭിക്കുന്നുണ്ട് എന്ന് നിരീക്ഷിക്കാറുണ്ടോ; | (എഫ്) | ഉണ്ട്. |
| (ജി) | ദീർഘദൂര സർവ്വീസുകളുടെ ഡ്രൈവർമാർക്ക് ഓവർടൈം ജോലി അനുവദിക്കാറുണ്ടോ; | (ജി) | ഇല്ല. |
| (എച്ച്) | ഡ്രൈവർമാരുടെ ശാരീരികക്ഷമത കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എപ്രകാരമെന്ന് വ്യക്തമാക്കുമോ? | (എച്ച്) | ഡ്രൈവർമാരുടെ ശാരീരികക്ഷമത കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്ന സംവിധാനം കെ.എസ്.ആർ.ടി.സി. യിൽ നിലവിലില്ല. എന്നാൽ ശാരീരികക്ഷമതയില്ലായ്മയോ, മറ്റ് അവശതകളോ അനുഭവിക്കുന്ന ഏതെങ്കിലും ഡ്രൈവർമാർ ടി വിധത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി അപേക്ഷിക്കുന്ന പക്ഷം അത്തരം ഡ്രൈവർമാർക്ക് മറ്റ് ലഘുവായ ഡ്യൂട്ടികൾ അനുവദിച്ച് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 252

9/7/10-ൽ
മറുപടിയ്ക്ക്

### കോളേജ് അദ്ധ്യാപകർക്കായുള്ള സാറ്റ് എന്ന തുടർ പരിശീലന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബാബു പോൾ:**<br>**ശ്രീ.എൻ.രാജൻ:**<br>**ശ്രീ.പി.തിലോത്തമൻ:**<br>**ശ്രീമതി.ഇ.എസ്.ബിജി മോൾ** | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) കോളേജ് അദ്ധ്യാപകർക്കായി സ്റ്റിമുലേറ്റിംഗ് ടീച്ചേഴ്സ് ത്രൂ അഡ്വാൻസ്ഡ് ട്രെയിനിംഗ് (സാറ്റ്) എന്ന തുടർ പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം വിഭാഗം അദ്ധ്യാപകരാണ് സാറ്റിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കാമോ; | ബി) എല്ലാ ഗവൺമെന്റ് കോളേജ് അദ്ധ്യാപകരും സാറ്റിന്റെ പരിധിയിൽ വരുന്നുണ്ട്. |
| സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | സി) ഫാക്കൽറ്റി വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെപ്പറയുന്നവയാണ്.<br>(1) അദ്ധ്യാപകർക്കായി റിഫ്രഷർ കോഴ്സുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.<br>(2) നൂതന മേഖലകളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ നടത്തുക.<br>(3) സംസ്ഥാനത്തെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ പുതുതായി നിയമിക്കപ്പെട്ട അദ്ധ്യാപകർക്കായുള്ള ഇൻഡക്ഷൻ പരിശീലന പരിപാടി നടപ്പാക്കുക. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പരിശീലന പരിപാടികൾക്കായി ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് : ഇതിനായി ഗവൺമെന്റ് എത്ര തുക അനുവദിച്ചു; ? | ഡി) | ഈ പരിപാടി ഇൻഡ്യയ്ക്കകത്തുള്ള സർവ്വകലാശാല വകുപ്പുകളിലോ, അക്കാദമിക് സ്റ്റാഫ് കോളേജുകളിലോ, അന്തർ സർവ്വകലാശാല കേന്ദ്രങ്ങളിലോ, ഗവേഷണ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ ഗവേഷണ കേന്ദ്രങ്ങളുള്ള കോളേജുകളിലോ നടത്തുന്നതാണ്. സർക്കാർ ഈ പരിശീലന പരിപാടിയ്ക്കായി നാൽപ്പതു ലക്ഷം രൂപയ്ക്ക് (40 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിന് അകത്തും പുറത്തുമുള്ള പരിശീലന കേന്ദ്രങ്ങളുടെ പട്ടിക Annexure ആയി ചേർത്തിട്ടുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 253 | 09..07..2010 ൽ മറുപടിയ്ക്ക്.

**എ.ഐ.സി.ടി.ഇ. ഈ വർഷം അംഗീകാരം നൽകിയതും പരിഗണനയിലുള്ളതുമായ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റ് കോളേജുകൾ**


**ചോദ്യം**

ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി)


(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റ് കോളേജുകൾക്ക് എ.ഐ.സി.ടി.ഇ. അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി 10 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളതായി എ.ഐ.സി.ടി.ഇ. –യുടെ web site -ൽ നിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഔദ്യോഗികമായ അറിയിപ്പ് എ.ഐ.സി.ടി.ഇ. –യിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല. പ്രസ്തുത കോളേജുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:-

1) സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, കാട്ടായിക്കോണം, തിരുവനന്തപുരം.
2) സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂർ.
3) ശ്രീനാരായണഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, നോർത്ത് പറവൂർ.
4) സദ്ഗുരു സ്വാമി നിത്യാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്.
5) ഹീരാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പനവൂർ, തിരുവനന്തപുരം.
6) ആക്സിസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കൊടകര, തൃശൂർ.
7) അമ്മിണി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കണ്ണംപരിയാരം, പാലക്കാട്.
8) ബിഷപ്പ് ജറോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം.
9) ഗുരുദേവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, പുതുപ്പള്ളി, കോട്ടയം.
10) മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അഞ്ചരക്കണ്ടി, കണ്ണൂർ.

| | | | |
|---|---|---|---|
| (ബി) | പുതുതായി ആരംഭിക്കുന്നതിന് അംഗീകാരത്തിന് അപേക്ഷിച്ച എത്ര കോളേജുകളുടെ അപ്പീൽ അപേക്ഷ എ.ഐ.സി.ടി.ഇ. -യുടെ പരിഗണനയിലുണ്ട്; | (ബി) | പുതുതായി ആരംഭിക്കുന്നതിന് അംഗീകാരത്തിന് അപേക്ഷിച്ച 2 കോളേജുകളുടെ അപ്പീൽ അപേക്ഷ എ.ഐ.സി.ടി.ഇ. -യുടെ പരിഗണനയിലുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | പുതുതായി അംഗീകാരം ലഭിച്ച കോളേജുകളിൽ വിവിധ കോഴ്സുകൾക്കായി എത്ര സീറ്റ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതുതായി അംഗീകാരം ലഭിച്ച കോളേജുകളിലെ വിവിധ കോഴ്സുകൾ, സീറ്റുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധം (എ) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 254 — 09.07.2010 - ൽ മറുപടിക്ക്

## യൂണിവേഴ്സിറ്റികളിലെ നിയമനം പി.എസ്.സി.ക്ക് വിടുന്നതിന് നടപടി

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി
ശ്രീ. കെ. കെ. ഷാജു
ശ്രീ. കെ. ബി. ഗണേഷ് കുമാർ

(എ) കേരളത്തിൽ സർവ്വകലാശാലകളിൽ നടക്കുന്ന നിയമനങ്ങളിലെ അഴിമതി തടയുന്നതിന് ഇവയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.ക്ക് വിടുന്നതിലുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. എം. എ. ബേബി
( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി )

(എ) & (ബി) കേരളത്തിലെ സർവ്വകലാശാലകൾ സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളാണ്. അതത് സ്ഥാപനങ്ങൾക്കാണ് ഇപ്പോൾ നിയമനാധികാരം. സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്താൽ മാത്രമേ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനാകൂ. അതിനാൽ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്ന കാര്യം പരിഗണിക്കുന്ന കാര്യത്തിൽ സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-255 09-07-2010 ൽ മറുപടിയ്ക്ക്.

## *ആസ്പയർ സ്കോളർഷിപ്പ് പദ്ധതി*

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി.ജോർജ്<br>ശ്രീ തോമസ് ചാഴികാടൻ<br>ശ്രീ റോഷി അഗസ്റ്റിൻ<br>ശ്രീ ജോസഫ് എം. പുതുശ്ശേരി | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ആസ്പയർ സ്കോളർഷിപ്പ് പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ : | (എ) ഉണ്ട്. ബിരുദാനന്തര ബിരുദം, എംഫിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് അവരുടെ മാതൃസ്ഥാപനമല്ലാത്ത മറ്റേതെങ്കിലും സ്ഥാപനത്തിൽ ഹ്രസ്വകാല ഇന്റേൺഷിപ്പ്/പ്രോജക്റ്റുകൾ ചെയ്യുന്നതിനാണ് ആസ്പയർ സ്കോളർഷിപ്പ് നൽകുന്നത്. ദേശീയ നിലവാരത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനും വ്യത്യസ്ത മേഖലയിൽ പരിചയ സമ്പന്നരായ വിദഗ്ധരുമായി ഇടപഴകുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് .പരമാവധി നാല് മാസക്കാലത്തേക്കാണ് സ്കോളർഷിപ്പ് |

| | | | |
|---|---|---|---|
| | | | നൽകുന്നത് . സംസ്ഥാനത്തുള്ള സ്ഥാപനങ്ങളിൽ പ്രോജക്റ്റ് ചെയ്യുന്നതിന് പ്രതിമാസം 4000 രൂപയും സംസ്ഥാനത്തിനു പുറത്തുള്ള സ്ഥാപനങ്ങളിലാണെങ്കിൽ 6000 രൂപയും സ്കോളർഷിപ്പ് നൽകും |
| (ബി) | ഈ പദ്ധതി എല്ലാ സർവ്വകലാശാലകൾക്കും ബാധകമാണോ ; | (ബി) | കേരള, എം.ജി,കോഴിക്കോട്,കണ്ണൂർ ശ്രീ.ശങ്കരാചാര്യ സംസ്കൃത, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകൾ എന്നിവയ്ക്ക് ഈ പദ്ധതി ബാധകമാണ് |
| (സി) | പ്രസ്തുത പദ്ധതിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം സർവ്വകലാശാലകൾ തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ: | (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ എല്ലാ സർവ്വകലാശകളുംസ്വീകരിച്ചുകഴിഞ്ഞു. |
| (ഡി) | പ്രസ്തുത സ്കോളർഷിപ്പിന് അർഹത നേടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (ഡി) | സ്കോളർഷിപ്പിന് അർഹത നേടുന്നതിനുള്ള മാനദണ്ഡങ്ങൾ അതത് സർവ്വകലാശാലകൾ നിശ്ചയിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് |
| (ഇ) | ഈ പദ്ധതിക്ക് സർക്കാർ അനുവദിച്ചിട്ടുള്ള തുക എത്രയാണ് ; | (ഇ) | ഒരു കോടി രൂപയാണ് 2009-10 സാമ്പത്തിക വർഷത്തിൽ സർക്കാർ ഈ പദ്ധതിക്കുവേണ്ടി |

അനുവദിച്ചിട്ടുള്ളത് . ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത പദ്ധതി സാമ്പത്തിക ശേഷി കുറഞ്ഞ വിദ്യാർത്ഥികൾക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) | സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ട് പ്രമുഖ സ്ഥാപനങ്ങളിൽ വിദഗ്ധരുടെ മേൽ നോട്ടത്തിൽ പ്രോജക്റ്റുകൾ ചെയ്യുവാൻ അവസരം ലഭിക്കാതിരുന്നവർക്ക് ഈ സ്കോളർഷിപ്പ് പദ്ധതി പ്രയോജനകരമാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **256** 09/07/2010 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. രാഘവൻ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. സി. കെ. പി. പത്മനാഭൻ | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിലെ ഐ. ടി. സെല്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക, സുതാര്യവും അഴിമതി രഹിതവും വേഗത്തിലുമുള്ള പൊതുജന സേവനം സാദ്ധ്യമാക്കുക, സാധാരണ പൗരനു ലഭിക്കേണ്ട മുഴുവൻ സേവനവും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമാക്കുക, ഭൂമിയിന്മേലുള്ള പൗരന്റെ അവകാശം സംബന്ധിച്ച അടിസ്ഥാന രേഖ (റെക്കോഡ് ഓഫ് റൈറ്റ്സ്) കമ്പ്യൂട്ടറിന്റെ സഹായത്താൽ വിതരണം ചെയ്യുക, കമ്മീഷണറേറ്റുമുതൽ വില്ലേജ് ഓഫീസ് വരെയുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഏകോപിപ്പിക്കുക എന്നിവ ഐ. ടി. സെൽ ലക്ഷ്യമിടുന്നു. |
| (ബി) ഐ. ടി. സെൽ രൂപീകരിച്ചതു മൂലം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) 2008 നവംബർ 17 -ാം തീയതിയാണ് ലാന്റ് റവന്യൂ വകുപ്പിൽ സംസ്ഥാന ഐ. റ്റി. സെൽ രൂപവത്കരിക്കപ്പെട്ടത്. റവന്യൂ വകുപ്പിൽ നിന്നു തന്നെ ഐ. റ്റി. യിൽ നിപുണരായ ഉദ്യോഗസ്ഥരുടെ ഒരു പട്ടിക തയ്യാറാക്കി, ഈ ഉദ്യോഗസ്ഥരുടെ സേവനം വിദഗ്ധമായി ഉപയോഗിക്കുന്നതിലൂടെ കമ്പ്യൂട്ടർ ഉപയോഗത്തിലുള്ള അനാവശ്യ കാലതാമസവും, ചെലവുകളും ഒരു വലിയ പരിധി വരെ കുറയ്ക്കാൻ സാധിച്ചു.<br>ഹാർഡ്വെയറിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഓരോ ജില്ലയിലും കണ്ടെത്തി അതാത് ജില്ലകളിൽ കമ്പ്യൂട്ടർ സംബന്ധിക്കുന്ന പരാതി തീർക്കുന്നതിനായി ദ്രുതപ്രതികരണ സംഘം (Rapid Response Team) രൂപവത്കരിച്ചു.<br>വില്ലേജ് ആഫീസർ, സ്പെഷ്യൽ വില്ലേജ് ആഫീസർ, വില്ലേജ് അസിസ്റ്റന്റ് എന്നിവർക്ക് കമ്പ്യൂട്ടർ |

വൽക്കരണത്തിനായുള്ള സോഫ്റ്റ്വെയറിൽ ON THE JOB IN HOUSE TRAINING PROGRAMME എന്ന നൂതന പരിശീലന പരിപാടിയിലൂടെ ഭൂരേഖ നാളതീകരണത്തിന് പരിശീലനം നൽകി.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ റീസർവ്വേ പൂർത്തിയാക്കിയ 205 വില്ലേജുകളിലെ ഭൂരേഖകൾ കമ്പ്യൂട്ടർ വൽക്കരിച്ച് ആയത് പൊതുജങ്ങൾക്ക് പരാതി പരിഹാരത്തിന് അവസരം നൽകിയ ശേഷം www.revenuekerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വൽക്കരണത്തിന്റെ രണ്ടാം ഘട്ടമായി കൊല്ലം എറണാകുളം, തൃശൂർ, പാലക്കാട്,വയനാട് എന്നീ അഞ്ച് ജില്ലകൾ തിരഞ്ഞെടുത്ത് പ്രസ്തുത ജില്ലകളിൽ ഒന്നാംഘട്ടത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ 351 വില്ലേജുകളിൽക്കൂടി ദ്രുതഗതിയിൽ നടപ്പാക്കി വരുന്നു. രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടു കൂടി 8 ജില്ലകളിലെ റീസർവ്വേ പൂർത്തിയാക്കിയ 556 വില്ലേജുകളിലെ ഭൂരേഖകൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പൊതു ജനങ്ങൾക്ക് ലഭ്യമാകും വിധം പ്രസിദ്ധീകരിക്കുവാൻ കഴിയും.

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കും അതിന് കീഴിൽ വരുന്ന രജിസ്ട്രേഷൻ ആഫീസുകളും ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | |
|---|---|
| (സി) വില്ലേജുകളിലെ ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിൽ എന്ത് മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ള 756 വില്ലേജുകളുടെയും ബി. റ്റി. ആർ. എൻട്രി പൂർത്തിയായിട്ടുള്ളതും തുടർന്ന് രണ്ട് ഘട്ടങ്ങളിലായി അനുബന്ധ പ്രവർത്തനം നടന്നു വരുന്നതുമാണ്. ഒന്നാം ഘട്ടത്തിൽ മൂന്ന് ജില്ലകളിലായി 205 വില്ലേജുകളുടെ ഡാറ്റാ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും രണ്ടാം ഘട്ടമായി അഞ്ച് ജില്ലകളിലെ 351 വില്ലേജുകളിലെ നാളതീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. : 257 | 09.07.2010 - ൽ മറുപടിയ്ക്ക്

### കായൽ സംരക്ഷണത്തിനായുള്ള നിയമത്തിന്റെ കരട്

ചോദ്യം

ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. സി.കെ. സദാശിവൻ
ശ്രീ.വി.എൻ. വാസവൻ
ശ്രീ. വി.ജെ. തങ്കപ്പൻ

ഉത്തരം

ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

(എ) കായൽ സംരക്ഷണത്തിനായി കേന്ദ്രം നടപ്പാക്കാനുദ്ദേശിക്കുന്ന നീർത്തട സംരക്ഷണ നിയമത്തിന്റെ കരട് രേഖ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കുന്നതിനായി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോയെന്നറിയിക്കുമോ ?

എ) സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കുന്നതിനായി ഔദ്യോഗികമായി കേന്ദ്ര സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ, തണ്ണീർത്തടങ്ങൾ സംരക്ഷണവും മാനേജ്മെന്റും ചട്ടങ്ങൾ, 2009 എന്ന പേരിൽ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ 2010 മേയ് 24-ാം തീയതി ബന്ധപ്പെട്ട എല്ലാ ഉപയോക്താക്കളുടെയും അവസാനവട്ട അഭിപ്രായങ്ങൾക്കായി പ്രസിദ്ധീകരിച്ചിരുന്നു. 2006-ലെ ദേശീയ പരിസ്ഥിതി നയത്തിന്റെയും 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് കരട് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്.
പ്രസ്തുത കരട് ചട്ടങ്ങളെപ്പറ്റി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസലിന് കീഴിലുള്ള വെറ്റ്ലാന്റ് ടെക്നിക്കൽ യൂണിറ്റ് 2010 ജൂൺ 9-ാം തീയതി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ചർച്ച സംഘടിപ്പിക്കുകയും

അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് ചീഫ് സെക്രട്ടറി ചെയർമാനായുള്ള, വിവിധ വകുപ്പു സെക്രട്ടറിമാരും, തലവൻമാരും ഉൾക്കൊള്ളുന്ന, സ്റ്റേറ്റ് വെറ്റ്ലാന്റ് സെൽ 2010 ജൂൺ 17-ാം തീയതി കൂടി കരട് ചട്ടങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. അഭിപ്രായങ്ങൾ പൂർണ്ണ രൂപം നൽകുന്നതിനായി 2010 ജൂലൈ 12-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വീണ്ടും ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2008-ൽ മേൽപ്പറഞ്ഞ ചട്ടങ്ങളുടെ ആദ്യത്തെ കരട് മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് വിവിധ തലത്തിലുള്ള ചർച്ചകൾക്കു ശേഷം കേരള സർക്കാരിന്റെ അഭിപ്രായം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിരുന്നു. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം വളരെയേറെ സഹായിക്കുന്നുണ്ടെന്നും ജലവിഭവങ്ങളുടെ മേലുള്ള സംസ്ഥാനത്തിന്റെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതിനാൽ പ്രസ്തുത കരട് ചട്ടങ്ങൾ സ്വീകരിക്കുവാൻ പറ്റുന്ന സാഹചര്യത്തിലല്ല സംസ്ഥാനമെന്ന് 30.01.2009- ലെ 2441/ A1/2008/S&TD നമ്പർ കത്തു പ്രകാരം ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയെ അറിയിച്ചിരുന്നു. കരട് ചട്ടങ്ങളെപ്പറ്റി സംസ്ഥാനത്തിന്റെ വ്യക്തമായ അഭിപ്രായങ്ങളും കത്തിന് അനുബന്ധമായി ചേർത്തിരുന്നു.

(ബി) കരട് നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പൂർണ്ണമായും ദോഷകരമായി ബാധിക്കും എന്ന് പറയാൻ പറ്റുകയില്ല. കരട് ചട്ടത്തിന്റെ പരിധിയിൽ വരുന്ന തണ്ണീർത്തടങ്ങൾ തണ്ണീർത്തടേതര ആവശ്യങ്ങൾക്കായി രൂപാന്തരപ്പെടുത്തുക, തണ്ണീർത്തടങ്ങൾ നികത്തുക, തണ്ണീർത്തട പ്രദേശത്ത് പുതിയതായി വ്യവസായ ശാലകൾ തുടങ്ങുക, പഴയവ നവീകരിക്കുക, 50 മീറ്ററിനുള്ളിൽ ബോട്ടുജട്ടി ഒഴികെ സ്ഥിരമായ നിർമ്മാണ പ്രവർത്തനം നടത്തുക തുടങ്ങിയവ പുതിയ കരട് ചട്ടത്തിൽ നിരോധിച്ചിട്ടുള്ളതായാണ് കരട് ചട്ടത്തിൽ പറയുന്നത്. ഇവയിൽ തണ്ണീർത്തടങ്ങളുടെ നികത്തൽ നേരത്തേതന്നെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൻ പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. കരട് ചട്ടപ്രകാരം കാറ്റഗറി 'എ' യിൽപ്പെടുന്ന തണ്ണീർത്തടങ്ങൾ തണ്ണീർത്തടേതര ആവശ്യങ്ങൾക്ക് രൂപാന്തരപ്പെടുത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനായിരിക്കും. കേരളത്തിലെ റാംസർ സൈറ്റുകളായ ശാസ്താംകോട്ടയും, അഷ്ടമുടിയും, വേമ്പനാടും കാറ്റഗറി 'എ' യിലാണ് പെടുക.

കരട് ചട്ടത്തിന്റെ പരിധിയിൽ വരുന്ന തണ്ണീർത്തടങ്ങളിൽ നിന്നും ജലം തിരിച്ചു വിടുക, ജീവനുള്ളതും അല്ലാത്തതുമായ വിഭവങ്ങളുടെ വിളവെടുക്കുക, മോട്ടോർ ബോട്ടുകൾ ഓടിക്കുക, ബോട്ടുജട്ടി നിർമ്മിക്കുക, തണ്ണീർത്തടത്തിന്റെ ശേഷിക്കുള്ളിൽ നിന്നുകൊണ്ട് മത്സ്യബന്ധനം നടത്തുക എന്നിവ ബന്ധപ്പെട്ട നിയന്ത്രണ അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും എന്നും കരട് ചട്ടത്തിൽ പറയുന്നു.

| | |
|---|---|
| സി. പ്രസ്തുത നിയമം അതേപടി നടപ്പാക്കിയാൽ വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട കായലുകളുടെ നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിന് നഷ്ടമാകുമെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (സി) നിയന്ത്രണാധികാരം നഷ്ടമാകും എന്നു കരുതുന്നില്ല. എന്നാൽ കരട് ചട്ടപ്രകാരം തണ്ണീർത്തടങ്ങളിലെ ചില പ്രവർത്തനങ്ങൾക്ക് കേന്ദ്ര അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതായി വരും എന്നുണ്ട്. |
| ഡി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണാധികാരം നഷ്ടപ്പെടുത്തുന്ന കേന്ദ്ര നീക്കം ചെറുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ഡി) കരട് ചട്ടത്തെപ്പറ്റി സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 258 — 09/07/2010-ൽ മറുപടിക്ക്

## സീമാറ്റ് സംഘടിപ്പിക്കുന്ന പരിശീലന പരിപാടി

**ചോദ്യം**
ശ്രീ. വി. ശിവൻകുട്ടി :
,, കെ. ടി. ജലീൽ :
,, അൽഫോൺസ് കണ്ണന്താനം :
,, പി. ടി. എ. റഹിം :

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സീമാറ്റ് (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്) നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; | എ) | പൊതു വിദ്യാഭ്യാസ മേഖലയിലെ സ്കൂൾ പ്രഥമാധ്യാപകർ, സ്കൂൾ പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അധ്യാപക-അനധ്യാപക ജീവനക്കാർ, രക്ഷകർത്താക്കൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചുമതലയുള്ള അംഗങ്ങൾ തുടങ്ങിയവർക്കുള്ള വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനങ്ങൾ, പൊതു വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ, പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, സ്കൂളുകളിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കും, ഇന്റർപ്രിട്ടർമാർക്കുള്ള മാനേജ്മെന്റ് പരിശീലനങ്ങൾ എന്നിവയാണ് സീമാറ്റ് -കേരള നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ. |
| ബി) | ഏതെല്ലാം പരിശീലന പരിപാടികളാണ് സീമാറ്റ് സംഘടിപ്പിക്കുന്നത്; | ബി) | പൊതു വിദ്യാഭ്യാസ മേഖലയിലെ സ്കൂൾ പ്രഥമാധ്യാപകർ, സ്കൂൾ പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അധ്യാപക-അനധ്യാപക ജീവനക്കാർ,ഡയറ്റ് പ്രിൻസിപ്പൽമാർ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഇന്റർപ്രിട്ടർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചുമതലയുള്ള അംഗങ്ങൾ തുടങ്ങിയവർക്കുള്ള വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലന പരിപാടികളാണ് സീമാറ്റ് സംഘടിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | അദ്ധ്യാപകേതര ജീവനക്കാർക്ക് സീമാറ്റ് പരിശീലനം നൽകുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) | അദ്ധ്യാപക പുരസ്കാരത്തിനുള്ള മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഡി) | പൂർത്തിയായിട്ടില്ല. |
| ഇ) | പുതുതായി സീമാറ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | ഇ) | പുതുതായി പദ്ധതികൾ നടത്താൻ ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ അതതു സമയങ്ങളിൽ ഉയർന്നുവരുന്ന ആവശ്യമനുസരിച്ച് പുതിയ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

പൊതു വിദ്യാഭ്യാസ മേഖലയിലെ സ്കൂൾ പ്രഥമാധ്യാപകർ, സ്കൂൾ പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അധ്യാപക- അനധ്യാപക ജീവനക്കാർ, രക്ഷകർത്താക്കൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചുമതലയുള്ള അംഗങ്ങൾ തുടങ്ങിയവർക്കുള്ള മാനേജ്മെന്റ് പരിശീലനങ്ങൾ, പൊതു വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ, പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, സ്കൂളുകളിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങളുടെ ശേഖരണം, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കും, ഇന്റർപ്രിട്ടർമാർക്കുമുള്ള മാനേജ്മെന്റ് പരിശീലനങ്ങൾ എന്നിവയാണ് സീമാറ്റ് -കേരള നടത്തുന്ന പ്രവർത്തനങ്ങൾ.

അദ്ധ്യാപകേതര ജീവനക്കാർക്ക് സീമാറ്റ് പരിശീലനം നൽകുന്നുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പി.എ.മാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ എ.എ. മാർ, സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ, വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ മിനിസ്റ്റീരിയൽ ജീവനക്കാർ തുടങ്ങിയവർക്ക് സീമാറ്റ് - കേരള പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിനും സീമാറ്റ് - കേരള പ്രത്യേക മാനേജ്മെന്റ് പരിശീലനം നൽകിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മുഴുവൻ ക്ലറിക്കൽ സ്റ്റാഫിനും മാനേജ്മെന്റ് പരിശീലനം നൽകുന്നതിന്റെ തുടക്കം എന്ന നിലയിൽ ട്രൈ-ഔട്ടായി മലപ്പുറം ജില്ലയിലെ പൊതു വിദ്യാഭ്യാസ മേഖലയിലെ മുഴുവൻ ക്ലറിക്കൽ സ്റ്റാഫിനും, സീമാറ്റ്- കേരള 2009-10 വർഷം പരിശീലനം നൽകുകയുണ്ടായി.

Kkame

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. **259** — 09/07/2010-ൽ മറുപടിക്ക്

## കടവുകളിൽ തൂക്കുപാലം നിർമ്മിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എൻ.വാസവൻ<br>ശ്രീ..ബി.ഡി.ദേവസ്സി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.എം.ജെ.ജേക്കബ്<br>****** | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി)<br>... |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തോണി അപകടങ്ങൾ പരിഗണിച്ച് വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകളിൽ തൂക്കുപാലങ്ങൾ പണിയുന്നതിന് റവന്യൂ ദുരന്ത നിവാരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശം നൽകുമോ ; | (ബി) മലപ്പുറം ജില്ലയിലെ. മൂർക്കനാട് തോണി അപകടത്തിൽ 8 കുട്ടികൾ മരണമടഞ്ഞ പാശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് ജില്ലാ ഭരണ കൂടങ്ങൾ വഴി നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് ഒരു നല്ല ശതമാനം വിദ്യാർത്ഥികൾ സ്കൂളിൽ എത്തിച്ചേരുന്നതിന് കടത്തു തോണിയെ ആശ്രയിക്കുന്നതായി കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന 554 കടവുകളിൽ തൂ,ക്കുപാലം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിൽ 29 പാലങ്ങൾ സംസ്ഥാന സർക്കാർ നേരിട്ട് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 525 പാലങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായമായി 530 കോടി രൂപ അഭ്യർ ത്ഥിച്ചുകൊണ്ട് പ്രപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) എത്ര കടവുകളിലാണ് തൂക്കുപാലങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഈ വർഷം എത്രകോടി രൂപ ചെലവഴിക്കുമെന്ന് വെളിപ്പെടുത്തുമോ ; | (സി) 554 കടവുകളിൽ. ഇതിനായി സംസ്ഥാന സർക്കാർ 29 കോടി രൂപ ചിലവഴിക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) എത്ര പാലങ്ങളുടെ പണി നടന്നു വരുന്നു; ഏതെല്ലാമെന്ന് വിശദമാക്കുമോ; | (ഡി) മലപ്പുറം ജില്ലയിൽ 8 കുട്ടികൾ മരണമടഞ്ഞ മൂർക്കനാട് കടവിൽ 1 കോടി 36 ലക്ഷം രൂപ ചിലവിൽ പാലം പണി നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഏതെങ്കിലും പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ; | (ഇ) | ഇല്ല |
| (എഫ്) | തൂക്കുപാലങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ യെന്നറിയിക്കുമോ ? | (എഫ്) | വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്നു എന്ന് കണ്ടെത്തിയ 554 കടവുകളിലും അടിയന്തിരമായി പാലം പണിയണമെന്നാണ് സർക്കാർ തീരുമാനം എന്നാൽ ഇതിലേയ്ക്കാവശ്യമായ തുക പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ഓരോ ജില്ലയിലും രണ്ട് പാലങ്ങൾ വീതവും സംസ്ഥാന സർക്കാർ പണിയുന്നതിനും കൂടാതെ മലപ്പുറം ജില്ലയിലെ മൂർക്കനാട് കടവിൽ 1.36 കോടി രൂപാ ചിലവിൽ ഒരു പാലം പണിയാരംഭിച്ചതും. കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മറ്റു പാലങ്ങളുടെ പണി ത്വരിതപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 260 09/07/2010-ൽ മറുപടിക്ക്

## സ്കൂൾ അദ്ധ്യാപകർക്ക് ഇൻഷ്വറൻസ് നടപ്പാക്കുന്നത് സംബന്ധിച്ച ധാരണ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ബാബു<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, അടൂർ പ്രകാശ് | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ലൈഫ്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും ഗ്രൂപ്പ് ഭവന പദ്ധതിയും നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ എന്തൊക്കെ ധാരണയുണ്ടായി എന്നു വ്യക്തമാക്കുമോ; | എ) സ്കൂൾ അദ്ധ്യാപകരുടെ ക്ഷേമം മുൻനിർത്തി വ്യത്യസ്ത പദ്ധതികൾ നടപ്പാക്കാനുള്ള നിർദ്ദേശം യോഗം ചർച്ച ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് ലഭിച്ചിട്ടില്ല. |
| ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്; | ബി) സി) ഡി) ഇ) കേന്ദ്ര സർക്കാരിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| സി) പ്രസ്തുത പദ്ധതികൾ എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | |
| ഡി) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം അദ്ധ്യാപകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും എന്ന് വെളിപ്പെടുത്തുമോ? | |
| ഇ) സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരെയും ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 261 09.07.2010–ലെ മറുപടി

## ചരക്കുവാഹനങ്ങൾക്കുള്ള നാഷണൽ പെർമിററ് മാതൃസംസ്ഥാനത്ത് പുതുക്കുന്ന രീതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. ജോസ് തെററയിൽ<br>ഗതാഗത വകുപ്പു മന്ത്രി | |
| എ) | ചരക്കുവാഹനങ്ങൾക്കുള്ള നാഷണൽ പെർമിററ്, കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള വാർഷിക ഫീസ് ഈടാക്കി മാതൃ സംസ്ഥാനത്തുതന്നെ നൽകുന്ന രീതി കേരളത്തിലും നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ചരക്കു വാഹനങ്ങൾക്ക് നാഷണൽ പെർമിററ് വാർഷിക ഫീസ് ഈടാക്കി മാതൃ സംസ്ഥാനത്ത് തന്നെ നൽകുന്ന സമ്പ്രദായം 15/06/2010 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. |
| ബി) | ഈ സമ്പ്രദായം മൂലം സംസ്ഥാനത്തിനും വാഹന ഉടമയ്ക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; പെർമിററ് ഫീസിനത്തിൽ ഈടാക്കുന്ന തുകയിൽ കേന്ദ്രത്തിനും സംസ്ഥാനത്തിനും എത്ര തുക വീതം ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ സമ്പ്രദായം മൂലം വാഹന ഉടമകൾ രൂ. 5000/– (അയ്യായിരം രൂപാ) വീതം, സഞ്ചരിക്കേണ്ട ഓരോ സംസ്ഥാനങ്ങൾക്കും കോമ്പോസിററ് ഫീ ഇനത്തിൽ അടയ്ക്കുന്നതിന് പകരം രൂ. 15000/– (പതിനഞ്ചായിരം രൂപാ) പ്രതിവർഷം കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിലേക്ക് പ്രത്യേക ചെല്ലാൻ ഉപയോഗിച്ച് അടച്ചാൽ മതി. സംസ്ഥാനത്ത് ലഭിച്ച ആകെ കൺസോളിഡേററഡ് ഫീസിനെ അടിസ്ഥാന വർഷത്തിൽ ആകെ ലഭിച്ച കൺസോളിഡേററഡ് ഫീസുകൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന ശതമാനമാണ് ഓരോ സംസ്ഥാനത്തിന്റേയും വിഹിതം. പുതിയ സമ്പ്രദായം നടപ്പിലാക്കിയതു വഴി നാഷണൽ പെർമിററ് വാഹനങ്ങൾക്ക് രൂ. 15000/– (പതിനഞ്ചായിരം രൂപാ) മാത്രമടച്ച് രാജ്യം മുഴുവനും സഞ്ചരിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ഓരോ സംസ്ഥാന ത്തെയും പെർമിററ് നല്കുന്ന |

അധികാരികൾ മററു സംസ്ഥാന ങ്ങൾക്ക് വേണ്ടി വാങ്ങുന്ന ഡിമാന്റ് ഡ്രാഫ്ററ് കൈമാറുന്നതിലുള്ള കാലതാമസവും മററും ഒഴിവാക്കുന്നതിനും കഴിയുന്നു. ആകെ ലഭിക്കുന്ന കോംമ്പോസിററ് ഫീ സംസ്ഥാന ങ്ങൾക്കും യൂണിയൻ ടെറിട്ടറികൾക്കും വീതം- വയ്ക്കുന്നതാണ്. സംസ്ഥാനത്തിന് ലഭിക്കുന്ന തുക എത്രയെന്ന് അതാത് സമയങ്ങളിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുമ്പോൾ മാത്രമേ അറിയുവാൻ കഴിയുകയുള്ളു. കേന്ദ്ര സർക്കാരിന് ഇതിൽ നിന്ന് വിഹിതമൊന്നും വച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | നാഷണൽ പെർമിററ് പുതുക്കു ന്നതിനുള്ള നടപടിക്രമത്തിൽ മാററം വരുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 15/06/2010 മുതൽ സംസ്ഥാനത്ത് കേന്ദ്ര സർക്കാർ നിശ്ചയിച്ച രീതിയിലുള്ള പുതുക്കിയ നാഷണൽ പെർമിററ് സമ്പ്രദായം നിലവിൽ വന്നു. അതിനുശേഷം പുതുക്കിയ സമ്പ്രദായമനുസരിച്ചുള്ള നടപടി ക്രമങ്ങളാണ് പെർമിററ് നൽകൽ, പുതുക്കൽ എന്നിവയ്ക്ക് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 262 | 9/7/2010 ന് മറുപടി നൽകേണ്ടത്

നദീതട സംരക്ഷണ നിയമം കർശനമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ എം.എ.വാഹീദ്<br>ശ്രീ അടൂർ പ്രകാശ്<br>ശ്രീ എ.എ.ഷുക്കൂർ | ശ്രീ കെ.പി.രാജേന്ദ്രൻ<br>ബഹു. റവന്യൂ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ) | സംസ്ഥാനത്തെ നദീതടങ്ങളുടെ സംരക്ഷണത്തിനും അനധികൃത മണലെടുപ്പ് തടയുന്നതിനുമുള്ള നിയമം നടപ്പിലാക്കാൻ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ; | സംസ്ഥാനത്തെ നദികളുടേയും അതിന്റെ വൃഷ്ടി പ്രദേശങ്ങളുടേയും സമഗ്ര വികസനത്തിനും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനും, നദികളിൽ കടവുകൾ നിർമ്മിക്കുന്നതിനും, നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷിയ്ക്കുന്നതിനും കുടിവെള്ള സംരക്ഷണത്തിനും ഉതകുന്ന തരത്തിൽ ജല സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതുമായ നിരവധി പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.<br>ഇതിന്റെ ഭാഗമായി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണം നിയമവും 2002-ലെ അനുബന്ധ ചട്ടങ്ങൾ നിലവിൽ വന്ന ശേഷം നിരവധി പദ്ധതികൾ / പ്രവർത്തികൾ സംസ്ഥാനതല ഉന്നതാധികാര സമിതി സൂക്ഷ്മ പരിശോധന നടത്തുകയും ഈ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br>മലപ്പുറം ജില്ലയിൽ ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ എന്നിവയുടെ തീരങ്ങളിൽ രാമച്ചം വച്ചു പിടിപ്പിക്കുന്നതിനും പുഴയിലേയ്ക്ക് വാഹനങ്ങൾ ഇറങ്ങാൻ പറ്റാത്തവിധം പടവുകൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രകൃതിയ്ക്ക് ഇണങ്ങുന്ന രീതിയിൽ നദീതീരങ്ങളിൽ രാമച്ചം വച്ചു പിടിപ്പിക്കുകയും അതുവഴി നദികളുടേയും തീരങ്ങളുടേയും, ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും, പരിപാലിക്കുന്നതിനും സാധിക്കുമെന്നതിനാൽ ഇത്തരത്തിലുള്ള പദ്ധതികൾ സംസ്ഥാനത്തൊട്ടാകെയുള്ള നദികളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>അനധികൃത മണൽ ഖനനം / കടത്ത് നടത്തുന്നവർക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾ റവന്യൂ / പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. ജില്ലകളിൽ റവന്യൂ ഡിവിഷണൽ |

മറുപുറം

| | | |
|---|---|---|
| | | ആഫീസർമാരുടെ നേതൃത്വത്തിലും അതാതു തഹസീൽദാർമാരുടെ കീഴിലും മണൽ സ്ക്വാഡുകൾ രൂപികരിച്ച് അവർ കടവുകളിലും നദീതീരങ്ങളിലും റെയിഡുകൾ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് അധികാരികളുടെ മേൽ നോട്ടത്തിൽ രാത്രി കാലങ്ങളിലും, വെളുപ്പിനും പോലീസ് പട്രോളിങ്ങ് നദീതീരങ്ങളിൽ ശക്തമാക്കിയിട്ടുണ്ട്.<br>പുഴ പുറമ്പോക്കുകളിലെ കയ്യേറ്റം ശാശ്വതമായി തടയുന്നതിന്റെ ഭാഗമായി പുഴ പുറമ്പോക്ക് അളന്നു തിരിക്കുന്ന പദ്ധതി പമ്പയാറിന്റെ സർവ്വേയിലൂടെ ആരംഭം കുറിക്കുന്നതിന് ഇതിനോടകം ഭരണാനുമതി നൽകികഴിഞ്ഞിട്ടുണ്ട്. മറ്റു പ്രധാന പുഴകളായ ഭാരതപ്പുഴ ഇപ്രകാരം അളന്നു തിരിക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതിനാവശ്യമായ ഉപചട്ടങ്ങളും റൂളുകളും തയ്യാറാക്കിയിട്ടുണ്ടോ; | ഉണ്ട്. 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണം നിയമവും, 2002-ലെ അനുബന്ധ ചട്ടങ്ങളും ശക്തമായി നടപ്പിലാക്കുവാൻ ശ്രമിച്ചപ്പോൾ ഉടലെടുത്ത പ്രായോഗിക ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിൽ ഈ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും, 2002-ലെ അനുബന്ധ ചട്ടങ്ങളും ശരിയായ രീതിയിൽ നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന ചില പ്രായോഗിക ബുദ്ധിമുട്ടുകളിൽ പ്രധാനപ്പെട്ടവ താഴെ പറയും പ്രകാരമാണ്.<br>1) അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകിച്ച് തമിഴ്നാട്ടിൽ നിന്നും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന മണൽ എപ്രകാരം നിയമപരമായി കൈകാര്യം ചെയ്യണമെന്ന കാര്യം 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലോ, 2002-ലെ അനുബന്ധ ചട്ടങ്ങളിലോ 1957-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലോ പരാമർശിച്ചിട്ടില്ല.<br>2) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ സെക്ഷൻ 23-പ്രകാരം ഈ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്ത ഏതൊരാളും ശിക്ഷയ്ക്ക് വിധേയനാകുന്നതും, അനധികൃതമായി മണൽ കടത്തികൊണ്ട് പോകുവാൻ ഉപയോഗിച്ച വാഹനം / വള്ളം (നാടൻ വള്ളവും, ചങ്ങാടവും) പോലീസ് ഉദ്യോഗസ്ഥരോ റവന്യൂ ഉദ്യോഗസ്ഥരോ കണ്ടുകെട്ടലിന് വിധേയമാക്കുന്നതുമാണ്. എന്നാൽ 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 27(2) പ്രകാരം അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട ഒരു |

| | | |
|---|---|---|
| | | വാഹനം / വള്ളം പിടിച്ചെടുത്താൽ, വാഹനം പിടിച്ചെടുത്തതിനു ശേഷം 7 ദിവസത്തിനുള്ളിൽ ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് തുല്യമായ തുകയും, പിഴയും ഒടുക്കുന്നപക്ഷം അതിന്റെ ഉടമസ്ഥനോ, കൈവശക്കാരനോ വാഹനം / വള്ളം തിരികെ കൊണ്ടുപോകാവുന്നതാണ്. എന്നാൽ ഇപ്രകാരം വാഹനം കണ്ടുകെട്ടുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരമില്ലായെന്ന് നിരവധി വിധിന്യായങ്ങളിലൂടെ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. ഇപ്രകാരം നിയമത്തിലെ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കണ്ടു കെട്ടുന്നതിനുള്ള നടപടി ക്രമം' എന്നത് ഈ നിയമം അതിന്റെ ശരിയായ രീതിയിൽ നടപ്പിലാക്കുമ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.<br>3) ട്രാവൻകൂർ പബ്ളിക് കനാൽസ് & പബ്ളിക് ഫെറീസ് ആക്ട് 1921 അനുസരിച്ചാണ് ഇപ്പോൾ മണൽ വാരുന്ന നാടൻ വള്ളങ്ങൾക്ക് ഇറിഗേഷൻ വകുപ്പ് ലൈസൻസ് നൽകുന്നത്. ലൈസൻസില്ലാത്ത വള്ളങ്ങൾ പിടിച്ചെടുക്കുന്നതിന് ഈ ആക്ടിൽ വ്യവസ്ഥയില്ലാത്തതാണ്. അനധികൃത മണൽ വാരലിന് ഉപയോഗിക്കുന്ന നാടൻ വള്ളങ്ങളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനും, രജിസ്ട്രേഷൻ ഇല്ലാത്ത വള്ളങ്ങൾ കണ്ടുകെട്ടുന്നതിനും നിയമ ഭേദഗതി വരുത്തിയാൽ അനധികൃത മണൽവാരൽ മിക്കവാറും ഇല്ലാതാക്കാൻ കഴിയുന്നതാണ്. |
| ഡി) | ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കി ഈ നിയമം കർശനമായി നടപ്പിലാക്കാൻ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയതെന്നറിയിക്കുമോ; | നിയമം കർശനമായി നടപ്പിലാക്കുന്നതിലേയ്ക്കായി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ഇ) | പ്രസ്തുത നിയമത്തിലെ ഗുരുതരമായ കുറ്റങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള എന്തൊക്കെ നിയമ ഭേദഗതികൾ ആവശ്യമാണെന്നാണ് സർക്കാർ കരുതുന്നത്? | പ്രസ്തുത നിയമത്തിലെ ഗുരുതരമായ കുറ്റങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും, 2002-ലെ അനുബന്ധ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും പുറമേ അനധികൃത മണൽ ഖനനം / കടത്ത് എന്നിവയിൽ ഏർപ്പെടുന്ന ക്രിമിനൽ സ്വഭാവമുള്ള വ്യക്തികൾക്കും മണൽ മാഫിയകൾക്കും എതിരെ 2008-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (ഗുണ്ടാ ആക്ട്) പ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്താൻ സംസ്ഥാനത്തെ എല്ലാ ജില്ല കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 263** 09.07.2010 - ലെ മറുപടി

**<u>കമ്പ്യൂട്ടർ നിയന്ത്രിത വാഹന പരിശോധനാ കേന്ദ്രങ്ങൾ</u>**

**<u>ചോദ്യം</u>**

ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. കെ.കെ. ദിവാകരൻ
ശ്രീ. മഞ്ഞളാം കുഴി അലി
ശ്രീ. എ.സി. മൊയ്തീൻ

**<u>മറുപടി</u>**

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) | വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും എല്ലാ ആർ.ടി. ഓഫീസുകളിലും സബ് ആർ.ടി.ഓഫീസുകളിലും മോട്ടോർ വാഹന ഇൻസ്പെക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വാഹന പരിശോധനയ്ക്ക് പ്രത്യേക ഉപകരണങ്ങളോ മറ്റു സൗകര്യങ്ങളോ വകുപ്പിന് സ്വന്തമായില്ല. വാഹനങ്ങൾ ഓടിച്ച് പരിശോധിച്ചും എല്ലാ ഭാഗങ്ങളും നോക്കി ഉറപ്പുവരുത്തിയുമാണ് ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. പരിശോധനയുടെ കാര്യക്ഷമത കൂട്ടുന്നതിനായി രണ്ട് പേരടങ്ങിയ ഒരു ടീമാണ് പരിശോധന നടത്തുന്നത്. |
| (ബി) | വാഹന പരിശോധനയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി കമ്പ്യൂട്ടർ നിയന്ത്രിത വാഹന പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. നിലവിലുള്ള വാഹന പരിശോധന കാര്യക്ഷമവും കുറ്റമറ്റതും ശാസ്ത്രീയവും ഒരു ഏകീകൃത സംവിധാനത്തിലും ആക്കുന്നതിനായി വകുപ്പ് കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു വാഹനത്തിന്റെ എല്ലാ ഭാഗങ്ങളും പരിശോധിക്കുവാനും അവയുടെ കുറ്റങ്ങൾ കണ്ടു പിടിക്കുവാനും ഉതകുന്ന കമ്പ്യൂട്ടർവൽകൃത ഉപകരണങ്ങൾ പ്രസ്തുത കേന്ദ്രത്തിൽ സ്ഥാപിക്കുന്നതാണ്. അത്തരം ഉപകരണങ്ങളിലൂടെ വാഹന പരിശോധന കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയമായും ചെയ്യാൻ കഴിയുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; | (സി) | ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കും ഹെവി മോട്ടോർ വാഹനങ്ങൾക്കുമായി രണ്ടു പ്രത്യേക പരിശോധന ലൈനുകൾ ഉള്ള ഒരു കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾക്കും നിർമ്മാണചെലവുകൾക്കുമായി ആകെ 340 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത നടപടിക്കായി ഈ വർഷം ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; | (ഡി) | നടപ്പു സാമ്പത്തിക വർഷത്തിൽ ഒരു കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിനായി സർക്കാർ 225 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | വാഹന പരിശോധനയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും പരിശോധനാ നടപടികൾ സുതാര്യമാക്കുന്നതിനുമായി കൂടുതൽ കമ്പ്യൂട്ടർ നിയന്ത്രിത പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുമോ? | (ഇ) | നിലവിലുള്ള വാഹന പരിശോധന കാര്യക്ഷമവും കുറ്റമറ്റതും ശാസ്ത്രീയവും ഒരു ഏകീകൃത സംവിധാനത്തിലും ആക്കുന്നതിനുമായി കൂടുതൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 264 09/07/2010-ൽ മറുപടിക്ക്

## കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

ചോദ്യം
ശ്രീ. യു. സി. രാമൻ :
,, പി. കെ. അബ്ദുറബ്ബ് :

ഉത്തരം
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഏത് രൂപത്തിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) | ലോവർ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിദ്യാഭ്യാസത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി പ്രസ്തുത ക്ലാസുകളിലേക്കുള്ള കായികാരോഗ്യ വിദ്യാഭ്യാസ പാഠ്യപദ്ധതിക്ക് സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി അംഗീകാരം നൽകിയിട്ടുമുണ്ട്. |
| സി) | ഇത് സംബന്ധിച്ച് സർക്കാർ എടുത്ത നടപടികൾ വ്യക്തമാക്കുമോ ? | സി) | സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്പർപ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുടെ സേവനം ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനായി ഒരു കായികാദ്ധ്യാപകന്റെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്കവിധം സ്കൂളുകളെ ക്ലബ്ബ് ചെയ്യുന്നതിനുള്ള സാദ്ധ്യത ആരായുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും കൺവീനറുമായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച വിവിധ വശങ്ങളെക്കുറിച്ച് പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

2010- ഓടെ ലോകത്തെ ഹൃദ് രോഗികളിൽ 60% ഇന്ത്യാക്കാരായിരിക്കുമെന്നും അതിൽ പകുതിയിലേറെ കേരളീയരായിരിക്കുമെന്നും ലോകാരോഗ്യ സംഘടന 2001 -ൽ റിപ്പോർട്ട് ചെയ്തിരുന്നു. ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, അമിതവണ്ണം എന്നിവ 30 വയസ്സിനു താഴെ ഉള്ളവരിലും ധാരാളമായി കണ്ടു തുടങ്ങിയിരിക്കുന്നതായി റിപ്പോർട്ടിൽ സൂചനയുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ 2008 -09 അദ്ധ്യയന വർഷം സംസ്ഥാനത്തെ 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ കായിക ക്ഷമതാ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം കായിക ക്ഷമതയിൽ വളരെ പിന്നിലാണെന്ന് കണ്ടെത്തുകയുണ്ടായി. പരിശോധനയ്ക്ക് വിധേയമാക്കിയ 16,28,943 വിദ്യാർത്ഥികളിൽ 19.61 ശതമാനം കുട്ടികൾക്ക് മാത്രമേ എല്ലാ പരിശോധനയിലും, കുറഞ്ഞ അളവിലെങ്കിലും നിലവാരം പുലർത്താൻ കഴിഞ്ഞുള്ളുവെന്ന് കണ്ടെത്തി.

മുകളിൽ പറഞ്ഞ പരിശോധനാ ഫലം കായിക വകുപ്പും വിദ്യാഭ്യാസ വകുപ്പും വളരെ വിശദമായ പഠനത്തിനു വിധേയമാക്കി. അതിന്റെ വെളിച്ചത്തിലാണ് കേരള സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യ വിഷയമാക്കുന്നതിന് രണ്ടു വകുപ്പുകളും ചേർന്ന് തീരുമാനിച്ചത്.

ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ താഴെ പറയുന്ന മാതൃകയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് പൊതു വിദ്യാഭ്യാസ (കാ.യു) വകുപ്പ് 11.11.2009 ൽ ഉത്തരവ് [സ.ഉ (എം.എസ്) നം.217/09/പൊ.വി.] പുറപ്പെടുവിക്കുകയുണ്ടായി.

i ) ഈ പദ്ധതി 2009 നവംബർ 14 ശിശുദിനത്തിൽ ആരംഭിക്കുന്നതാണ്.

ii) എസ്.സി.ഇ.ആർ.ടി. നിർദ്ദേശിക്കുന്ന പാഠ്യപദ്ധതി പാഠ്യ വിഷയമെന്ന നിലയിൽ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതാണ്.

iii) അപ്പർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുടെ സേവനം ഘട്ടം ഘട്ടമായി ലഭ്യമാക്കും. ഇതിനായി കായികാദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്ക വിധം സ്കൂളുകളെ ക്ലബ്ബ് ചെയ്യുന്ന സാധ്യത ആരായുന്നതാണ്.

iv) ഈ വർഷത്തെ അനുഭവങ്ങൾ വിലയിരുത്തി വരും വർഷങ്ങളിൽ ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്തുന്നതാണ്.

v) ഈ പ്രവർത്തന പദ്ധതിയുടെ മോണിറ്ററിംഗ് വിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും സംയുക്തമായി നടത്തുന്നതാണ്.

ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത വകുപ്പ് പൊതു വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

അപ്പർപ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുടെ സേവനം ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനായി കായിക അദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്കവിധം സ്കൂളുകളെ ക്ലബ്ബ് ചെയ്യുന്നതിനുള്ള സാധ്യത ആരായുവാൻ പൊതു വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും കൺവീനറുമായുള്ള ഒരു കമ്മിറ്റി 15.6.2010 ലെ സർക്കാർ ഉത്തരവ് (ആർറ്റി) 2579/10/പൊ.വി. പ്രകാരം രൂപീകരിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച വിവിധ വശങ്ങളെക്കുറിച്ച് പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കായികാരോഗ്യ വിദ്യാഭ്യാസ പാഠ്യപദ്ധതിക്ക് സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

Shama

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 265 9-7-2010-ലെ മറുപടി

കെ.എസ്.ആർ. ടി.സി. യുടെ ആധുനികവൽക്കരണം.

ചോദ്യം ഉത്തരം.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. കെ. സി. ജോസഫ്
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. എ.എ. ഷുക്കൂർ

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ.ടി.സി. ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് നടപ്പിലാക്കി വരുന്നത്; | (എ) | കെ.എസ്.ആർ.ടി.സി. ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കംഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊട്ടാരക്കര ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉത്ഘാടനം 14-5-2010-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. കാസർഗോഡ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കാട്ടാക്കട ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ആരംഭിച്ചു, പുരോഗതിയിലാണ്. തിരു. സെൻട്രൽ, അങ്കമാലി, കോഴിക്കോട്, മലപ്പുറം, എസ്.ടി.സി. (തിരുവനന്തപുരം), പേരൂർക്കട എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്. സി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സിന്റെ പണി അന്തിമ ഘട്ടത്തിലാണ്. കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ ബസ് സ്റ്റേഷനുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു, പണികൾ പുരോഗതിയിലാണ്. ബസ് സ്റ്റേഷനുകളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യ വികസനത്തിനായി വിശ്രമ മുറികളും, ടോയ്‌ലറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനും, സ്ത്രീകൾക്കായി പ്രത്യേക വിശ്രമ മുറികൾ നിർമ്മിക്കുന്നതിനും, യാർഡുകൾ നവീകരിക്കുന്നതിനും പുതിയതായി ഗ്യാരേജുകൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആദ്യം ആധുനികവൽക്കരിക്കാൻ തീരുമാനിച്ചത് വർക്ക്ഷോപ്പുകളാണ്. ഇതിന്റെ ഭാഗമായി നിർജ്ജീവമായി കിടന്ന വർക്ക്ഷോപ്പുകൾ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. തുരുമ്പ് പിടിച്ച് ഉപയോഗശൂന്യമായി കിടന്ന പണിയായുധങ്ങൾക്കും, യന്ത്രസാമഗ്രികൾക്കും പകരം പുതിയവ വാങ്ങി ബസ് ബോഡികൾ കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽതന്നെ നിർമ്മിച്ചിറക്കുവാൻ തക്കവിധം സജ്ജമാക്കി. ഇതിനുവേണ്ടി 2007-08 കാലയളവിൽ 16 മിഗ് വെൽഡിംഗ് മെഷീൻ, 15 ജിഗ്‌ബേ, 38 പവർ സ്ക്രൂഡ്രൈവർ, 10 ഇംപാക്ട് റഞ്ച്, 81 പോർട്ടബിൾ ആംഗിൾ ഗ്രൈൻഡർ, 250 മാനുവൽ റിവറ്റിംഗ് ഗൺ, 25 ന്യൂമാറ്റിക് റിവറ്റിംഗ് ഗൺ, 18 കട്ടിംഗ് മെഷീൻ, 312 ഹാൻഡ് ഡ്രില്ലിംഗ് മെഷീൻ, LPG കട്ടിംഗ് ടോർച്ച് എന്നിവ വാങ്ങി. കെ.എസ്.ആർ.ടി.സി.യുടെ അഞ്ച് വർക്ക് ഷോപ്പുകൾക്കും |

| | | | |
|---|---|---|---|
| | | | (പാപ്പനംകോട്, മാവേലിക്കര, എടപ്പാൾ, ആലുവ, കോഴിക്കോട്) Accreditation ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തൽഫലമായി പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിന് ബി ക്ലാസ്സ് പദവിയിലുള്ള accreditation ലഭിക്കുകയും ചെയ്തു. മറ്റ് വർക്ക്ഷോപ്പുകളിൽ accreditation ലഭ്യമാക്കുന്നതിന് വേണ്ടതായ പ്രസ് ബ്രേക്ക്, ഷിയറിംഗ് മെഷീൻ, ടിഗ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടേക്ക് പരിശോധനാ സൗകര്യത്തിന് വേണ്ടതായ ബ്രിണൽഹാർഡ് ടെസ്റ്റർ, പെയിന്റ് തിക്ക്നസ് മെഷറിംഗ് ഗേജ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. എടപ്പാളിൽ ഫോസ്ഫേറ്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ക്രമേണ കോഴിക്കോട്, ആലുവ, മാവേലിക്കര എന്നീ റീജിയണൽ വർക്ക് ഷോപ്പുകളിലും ഇത്തരം നവീകരണ പ്രക്രിയകൾ ആരംഭിക്കുന്നതാണ്. ബോഡി ബിൽഡിംഗിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാർ കുറവായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും എംപാനൽ വ്യവസ്ഥയിലും വിവിധ വിഭാഗങ്ങളിലായി ജോലിക്ക് നിയോഗിക്കുകയും അവർക്ക് ബോഡി നിർമ്മാണത്തിൽ പരിശീലനം നൽകുകയുമുണ്ടായി. ഈ നടപടികൾ വഴി സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, |

| | | | |
|---|---|---|---|
| | | | ഫാസ്റ്റ്, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി എന്നീതരം ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. |
| (ബി) | ഓൺലൈൻ ബുക്കിംഗ്, ബോർഡ് പ്രദർശനം, പുതിയ ബസ് ടെർമിനൽ, പുതിയ ബസ് ബോഡി നിർമ്മാണം, പുതിയ തൊഴിൽ അവസരങ്ങൾ മുതലായവ നടപ്പിലാക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ഓൺലൈൻ ബുക്കിംഗ് സംവിധാനം ഇതിനകംതന്നെ നടപ്പിലാക്കി കഴിഞ്ഞു.<br><br>വർഷങ്ങളായി ശരിയായ രൂപത്തിൽ ഉപയോഗം നടക്കാത്തതുകൊണ്ട് കെ.എസ്.ആർ.ടി.സി. യിലെ അഞ്ച് വർക്ക്ഷോപ്പുകളും (പാപ്പനംകോട് സെൻട്രൽ വർക്സ്, കോഴിക്കോട്, മാവേലിക്കര, ആലുവ, എടപ്പാൾ എന്നിവിടങ്ങളിലെ റീജിയണൽ വർക്ക്ഷോപ്പുകൾ) തുരുമ്പ് പിടിച്ച് കാടും പടലും വളർന്ന് കിടക്കുകയായിരുന്നു. 2007-ൽ കെ.എസ്.ആർ.ടി.സി. യുടെ ബസ്സുകൾ ഓപ്പൺ ടെന്റർ വഴി ചേസ്സിസ് വാങ്ങി സ്വന്തം വർക്ക്ഷോപ്പുകളിൽ നിർമ്മിക്കാനായി നടപടികൾ എടുത്തപ്പോൾ ബസ് ബോഡി നിർമ്മാണത്തിനാവശ്യമായ യന്ത്ര സാമഗ്രികളും വാങ്ങി സജ്ജമാക്കുകയുണ്ടായി.<br><br>ഇതിനുവേണ്ടി എല്ലാ വർക്ക്ഷോപ്പുകളുടെയും ആവശ്യത്തിലേക്കായി 16 മിഗ് വെൽഡിംഗ് മെഷീൻ, 15 ജിഗ്‌ബേ, 38 പവർസ്ക്രൂഡ്രൈവർ, 10 ഇംപാക്ട് റഞ്ച്, 81 പോർട്ടബിൾ ആംഗിൾ ഗ്രൈൻഡർ, 250 മാന്വൽ റിവറ്റിംഗ് ഗൺ, 25 ന്യൂമാറ്റിക് റിവറ്റിംഗ് ഗൺ, 18 കട്ടിംഗ് മെഷീൻ, 312 ഹാൻഡ് |

| | | | |
|---|---|---|---|
| | | | ട്രില്ലിംഗ് മെഷീൻ, LPG കട്ടിംഗ് ടോർച്ച് എന്നിവ 2007-08 കാലയളവിൽ വാങ്ങുകയുണ്ടായി. ബോഡി ബിൽഡിംഗിന് വേണ്ടതായ ജീവനക്കാർ എല്ലാ വർക്ക്ഷോപ്പുകളിലും കുറവായിരുന്നു. ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും പോരാതെവന്ന ബാക്കി ജീവനക്കാരെ എംപാനൽ വ്യവസ്ഥയിലും മൊത്തം 1,285 പേരെ വിവിധ വിഭാഗങ്ങളിലായി ജോലിക്ക് നിയോഗിച്ചു. ഇവർക്ക് ബോഡി നിർമ്മാണത്തിൽ പരിശീലനം നൽകി. ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും, സ്ഥിരംജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടമായി മേൽപ്രസ്താവിച്ച മുപ്പത് ബസ് സ്റ്റേഷനുകളിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, മലപ്പുറം, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട്, തിരുവനന്തപുരം) പേരൂർക്കട എന്നീ ആറ് ബസ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയ കെട്ടിടനിർമ്മാണ പണികൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ കെ.ടി.ഡി.എഫ്.സിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇവയിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ ബസ് സ്റ്റേഷനുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു, പണികൾ പുരോഗതിയിലാണ്. അങ്കമാലിയിൽ ടെർമിനൽ കോംപ്ലക്സിന്റെ പണി അന്തിമ |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലാണ്. കോഴിക്കോട് 2011 മാർച്ചിലും, തിരുവനന്തപുരം സെൻട്രൽ 2012-ലും പണികൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>ഈ കാലയളവിൽ 19,000-ത്തോളം പേർക്ക് പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പുതിയതായി നിയമനവും നൽകി. ഇതിൽ 14,500-ലധികം നിയമനങ്ങൾപി.എസ്.സി. വഴിയാണ് നടത്തിയത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 266 09/07/2010-ൽ മറുപടിക്ക്

## സർക്കാർ സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് നിറുത്തലാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). | |
| എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എസ്.എസ്.എൽ.സി വരെയുള്ള കുട്ടികളിൽ നിന്ന് സ്പെഷ്യൽ ഫീസായി തുക ഈടാക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഒരു വിദ്യാഭ്യാസ വർഷത്തിൽ എത്ര തവണ ഈടാക്കുന്നു എന്നും ഓരോ ക്ലാസിലും എത്ര തുക വീതം ഈടാക്കുന്നു എന്നും വ്യക്തമാക്കുമോ; | ബി) | ഒരു വിദ്യാഭ്യാസ വർഷത്തിൽ രണ്ടു തവണ തുല്യഗഡുക്കളായി സ്പെഷ്യൽ ഫീസ് ഈടാക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മൂന്നാം വർഷവും അതേ ക്ലാസിലിരിക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഫീസ് നൽകേണ്ടതാണ്. ജൂൺ, നവംബർ മാസങ്ങളിലാണ് ഈ ഫീസ് കുട്ടികളിൽ നിന്നും പിരിച്ചെടുക്കുന്നത്. പുതുതായി സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികളിൽ നിന്ന് മേയ് മാസം തന്നെ ആദ്യഗഡു പിരിച്ചെടുക്കാവുന്നതാണ്. 5 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് ഒരുവർഷം 10/- രൂപയും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക് 25/- രൂപയും വസൂലാക്കുന്നുണ്ട്. |
| സി) | വിദ്യാർത്ഥികളിൽ നിന്ന് വസൂലാക്കുന്ന പ്രസ്തുത തുക എന്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നത് ; | സി) | ഓരോ വർഷവും വസൂലാക്കുന്ന തുക അതാത് വർഷം കുട്ടികളുടെ തന്നെ ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്. വിദ്യാലയങ്ങളിലെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുടെ ചെലവിലേക്ക് വർഷംതോറും സ്പെഷ്യൽ ഫീസ് |

ആസൂത്രണം ചെയ്ത് ചെലവഴിക്കുന്നു. കെ.ഇ.ആർ-ലെ ചാപ്റ്റർ XII റൂൾ I പ്രകാരമാണ് സ്പെഷ്യൽ ഫീസ് ഈടാക്കുന്നത്. ഓരോ വർഷവും വേനൽക്കാല അവധി കഴിഞ്ഞ് ജൂണിൽ സ്കൂളുകൾ തുറന്ന ഉടൻ ഹെഡ്മാസ്റ്റർ സ്പെഷ്യൽ ഫീസ് ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ തന്നെയായിരിക്കും ഈ കമ്മിറ്റിയുടെ പ്രസിഡന്റ്. പ്രസ്തുത കമ്മിറ്റി ജൂണിൽ തന്നെ ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കണം ഫീസിനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന മൊത്തം വരവും ചെലവും കണക്കാക്കേണ്ടതാണ്. ഓരോ വർഷവും ലഭിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് ആസൂത്രണം ആവശ്യമാണ്. ഓരോ ഇനത്തിനും ലഭിക്കുന്ന തുക ആ വിഭാഗത്തിൽ തന്നെ ചെലവഴിക്കേണ്ടതാണ്. പലപ്പോഴും അതത് വർഷം തുക ചിലവഴിക്കാറില്ല. എന്നാൽ ചെലവഴിക്കാതെ കിടക്കുന്ന തുക ഉണ്ടെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ പബ്ലിക് അഡ്രസ് സിസ്റ്റം, സ്കൂൾ പൂന്തോട്ടം, ലബോറട്ടറി, ലൈബ്രറി, കുടിവെള്ളം, സാനിട്ടറി, കളിസ്ഥലം നിരപ്പാക്കൽ മുതലായ കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ഡി) സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന നയം നിലവിലിരിക്കെ സ്പെഷ്യൽ ഫീസ് കുട്ടികളിൽ നിന്ന് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഡി) കെ.ഇ.ആർ-ലെ അദ്ധ്യായം XII റൂൾ-I പ്രകാരമാണ് സ്പെഷ്യൽ ഫീസ് ഈടാക്കുന്നത്. ഇക്കാര്യത്തിൽ ഇപ്പോൾ മാറ്റങ്ങളൊന്നും ഉദ്ദേശിക്കുന്നില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ റൂൾ ഉണ്ടാക്കുന്ന ഘട്ടത്തിൽ ഇക്കാര്യത്തിൽ പുനരാലോചന വേണ്ടിവരും എന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

ഒരു വിദ്യാഭ്യാസ വർഷത്തിൽ രണ്ടു തവണ തുല്യഗഡുക്കളായി സ്പെഷ്യൽ ഫീസ് ഈടാക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മൂന്നാം വർഷവും അതേ ക്ലാസിലിരിക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഫീസ് നൽകേണ്ടതാണ്. ജൂൺ, നവംബർ മാസങ്ങളിലാണ് ഈ ഫീസ് കുട്ടികളിൽ നിന്നും പിരിച്ചെടുക്കുന്നത്. പുതുതായി സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികളിൽ നിന്ന് മേയ് മാസം തന്നെ ആദ്യഗഡു പിരിച്ചെടുക്കാവുന്നതാണ്. 5 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് ഒരുവർഷം 10/- രൂപയും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക് 25/- രൂപയും വസൂലാക്കുന്നുണ്ട്.

ഓരോ വർഷവും വസൂലാക്കുന്ന തുക അതാത് വർഷം കുട്ടികളുടെ തന്നെ ആവശ്യത്തിനായി ഉപയോഗിക്കുന്നു. വിദ്യാലയങ്ങളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ചെലവിലേക്ക് ആനുപാതികമായി വർഷംതോറും സ്പെഷ്യൽ ഫീസ് ആസൂത്രണം ചെയ്ത് ചെലവഴിക്കുന്നു. കെ.ഇ.ആർ-ലെ ചാപ്റ്റർ XII റൂൾ I പ്രകാരമാണ് സ്പെഷ്യൽ ഫീസ് ഈടാക്കുന്നത്. ഓരോ വർഷവും വേനൽക്കാല അവധി കഴിഞ്ഞ് ജൂണിൽ സ്കൂളുകൾ തുറന്ന ഉടൻ ഹെഡ്മാസ്റ്റർ സ്പെഷ്യൽ ഫീസ് ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ തന്നെയായിരിക്കും ഈ കമ്മിറ്റിയുടെ പ്രസിഡന്റ്. പ്രസ്തുത കമ്മിറ്റി ജൂണിൽ തന്നെ ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കണം ഫീസിനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന മൊത്തം വരവും ചെലവും തയ്യാറാക്കേണ്ടതാണ്. ഓരോ വർഷവും ലഭിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ പ്ലാനിംഗ് ആവശ്യമാണ്. ഓരോ ഇനത്തിനും ലഭിക്കുന്ന തുക ആ വിഭാഗത്തിൽ തന്നെ ചെലവഴിക്കേണ്ടതാണ്. എന്നാൽ ചെലവഴിക്കാതെ കിടക്കുന്ന തുക ഉണ്ടെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ പബ്ലിക് അഡ്രസ് സിസ്റ്റം, സ്കൂൾ പൂന്തോട്ടം, ലബോറട്ടറി, ലൈബ്രറി, കുടിവെള്ളം, സാനിട്ടറി, കളിസ്ഥലം നിരപ്പാക്കൽ മുതലായ കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

കെ.ഇ.ആർ-ലെ അദ്ധ്യായം XIII റൂൾ-I പ്രകാരമാണ് സ്പെഷ്യൽ ഫീസ് ഈടാക്കുന്നത്. പ്രസ്തുത തുക കുട്ടികൾക്ക് പ്രയോജനകരമായ രീതിയിൽ ചിലവഴിക്കുന്നതിനാലും മറ്റു ഫണ്ടുകളിലേക്ക് വക മാറ്റാത്തതിനാലും വിദ്യാഭ്യാസം സൗജന്യം തന്നെയാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 267

9.7.2010 ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോളേജ് അധ്യാപകർക്ക് എന്തൊക്കെ പുതിയ തുടർപരിശീലന പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത്. | എ) കോളേജ് അധ്യാപകർക്കായി സ്റ്റിമുലേറ്റിങ് ടീച്ചേഴ്സ് ത്രൂ അഡ്വാൻസ്ഡ് ട്രെയിനിങ് എന്ന തുടർ പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) രാജ്യത്തെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ പ്രശസ്ത സർവ്വകലാശാലകൾ എന്നിവയുടെ സഹകരണം ഇതിനായി തേടുമോ? | ബി) തേടുന്നതാണ്. |
| സി) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ ഗവേഷണ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള അന്താരാഷ്ട്ര അംഗീകാരമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നൽകാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ?<br><br>ഡി) ഇതിനായി ഇത്തരം ഗവേഷണ സ്ഥാപനങ്ങളുടെ അനുമതിപത്രം ലഭിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു. | പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടകം ചെന്നൈ ഐ.ഐ.ടി., മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് എന്നിവയുൾപ്പെടെ 5 ഓളം സ്ഥാപനങ്ങളുടെ അനുമതി കിട്ടിയിട്ടുണ്ട്. |
| ഇ) പ്രസ്തുത പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി യു.ജി.സി. കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ നിന്നും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഇ) നിലവിൽ സംസ്ഥാന സർക്കാരാണ് ഇതിന്റെ ചെലവ് വഹിക്കുന്നത്. |

Farhad M.S.
സെക്ഷൻ ഓഫീസർ

Received late 9/7/10 9-30 am

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.268

9.7.2010ൽ മറുപടിക്ക്

## മലയോര പ്രദേശങ്ങളിൽ നിന്നും കുടിയിറക്കം നടക്കുന്നതിന്റെ കാരണങ്ങൾ

ചോദ്യം

ശ്രീ.സി.പി.മുഹമ്മദ് :
ശ്രീ.എ.പി.അനിൽകുമാർ:
ശ്രീ.കെ.സി.ജോസഫ്:
ശ്രീ.കെ.അച്യുതൻ:

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിൽ നിന്നും നിരവധി കുടുംബങ്ങൾ കുടിയിറങ്ങുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ തൃപ്പങ്ങോട്ടൂർ വില്ലേജിലെ 6 കുടുംബങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം താമസം മാറി പോയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് മൂലം കർഷകർക്ക് ജീവിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാൽ മറ്റു തൊഴിലുകൾ തേടി കുടിയിറങ്ങി-പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കുടുംബത്തിലെ അംഗങ്ങൾ ജോലി തേടി വിദേശങ്ങളിലേക്ക് പോകുന്നതും, മക്കളുടെ ഉന്നത വിദ്യാഭ്യാസാർത്ഥം പട്ടണങ്ങളിലേക്ക് താമസം മാറ്റുന്നതും ഇപ്രകാരം കുടിയിറങ്ങുന്നതിനുള്ള മറ്റ് കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മറ്റു ജില്ലകളിൽ ഇപ്രകാരം കുടിയിറക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇക്കാര്യത്തെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തുകയോ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയോ ചെയ്തിട്ടുണ്ടോ ; | (ബി) | സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | (സി) | ബാധകമല്ല. |
| (ഡി) | വൻതോതിൽ ഇത്തരം കുടിയിറക്കം നടക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ; | (ഡി) | കുടുംബത്തിലെ പല വ്യക്തികളും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതും കാർഷിക പ്രവർത്തിയിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ ടി പ്രവർത്തിയിൽ നിന്നും സ്വയം വിട്ടു നില്ക്കുന്നതും, ഇങ്ങനെ കുടിയിറങ്ങി പോകുന്നതിന് കാരണമാകുന്നതെന്ന് റിപ്പോർട്ടുണ്ട്. കൂടാതെ മക്കളുടെ വിദ്യാഭ്യാസ ആവശ്യത്തിന് കുടുംബങ്ങൾ കുടിയിറങ്ങി പട്ടണ പ്രദേശങ്ങളിൽ താമസിയ്ക്കുന്ന പ്രവണതയും ഉണ്ടാകുന്നുണ്ട്. ഇതു കൂടുതൽ പഠനത്തിനു വിധേയമാക്കേണ്ടതാണ്. |
| (ഇ) | അടിസ്ഥാനപരമായി കാർഷിക പ്രതിസന്ധിയും പണിക്കാരില്ലായ്മയും ആണ് ഈ പ്രതിഭാസത്തിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ഇ) | പരിശോധിയ്ക്കണം. |
| (എഫ്) | സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് വൻ ആഘാതം ഏൽപ്പിക്കുന്ന ഈ പ്രതിഭാസം ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (എഫ്) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നം: 269**

**9.07.2010 - ൽ**
**മറുപടിയ്ക്ക്**

## ബാങ്കുകളിൽ നിന്നും നല്കുന്ന വിദ്യാഭ്യാസ വായ്പ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എ.എം.ആരിഫ്**<br>**ശ്രീ.ബാബു എം.പാലിശ്ശേരി**<br>**ശ്രീ.എം.ചന്ദ്രൻ**<br>**ശ്രീ.പി.ജയരാജൻ** | | **ശ്രീ.വി.എസ്.അച്യുതാനന്ദൻ**<br>**(ബഹു: മുഖ്യമന്ത്രി)** |
| (എ) | ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വിദ്യാഭ്യാസ വായ്പ സംബന്ധമായി ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ടെങ്കിലും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷനും ഭാരതീയ റിസർവ്വ് ബാങ്കും നല്കിയിട്ടുള്ള നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിൽ പറയത്തക്ക ബുദ്ധിമുട്ടുള്ളതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | ബുദ്ധിമുട്ടു നേരിടുന്ന അവസരങ്ങളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സംസ്ഥാന തല ബാങ്കേഴ്സ് സമിതി വഴിയും ജില്ലാതല ലീഡ് ബാങ്കുകൾ വഴിയും പരിഹാരം കാണാറുണ്ട്. |
| (സി) | വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് ബാങ്കുകൾക്ക് കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; | (സി) | മെറിറ്റ്-കം-സെലക്ഷൻ പ്രോസസ്സ് വഴി ഉപരി പഠനത്തിനുള്ള എല്ലാവിധ കോഴ്സുകൾക്കും വിദ്യാഭ്യാസ വായ്പ ലഭ്യമാണ്. അതാത് സംസ്ഥാന സർക്കാരുകൾ കോഴ്സുകൾക്ക് ഫീസായി നിശ്ചയിച്ചിട്ടുള്ള തുകയാണ് പരമാവധി വിദ്യാഭ്യാസ വായ്പയായിട്ടു ലഭിക്കുക. ഇത് സംബന്ധിച്ചിട്ടുള്ള സമഗ്രമായ വിവരണം IBA വെബ് സൈറ്റിൽ ലഭിക്കുന്നതാണ്. |
| (ഡി) | വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് വസ്തു ജാമ്യമോ ആൾ ജാമ്യമോ നല്കുന്നതിന് വ്യവസ്ഥയുണ്ടോ ; | (ഡി) | RBI/IBA നിർദ്ദേശ പ്രകാരം 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് യാതൊരു ഈടും നല്കേണ്ടതില്ല. 4 ലക്ഷത്തിനുമേലുള്ള വായ്പയ്ക്ക് ആൾ ജാമ്യവും 7.5 ലക്ഷത്തിനുമേൽ വസ്തുവിന്റെ ഈടും നല്കേണ്ടതാണ്. |
| (ഇ) | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) | വിദ്യാഭ്യാസ വായ്പകളിന്മേലുള്ള പരാതികൾക്ക് പ്രശ്ന പരിഹാരത്തിന് കളക്ടറേറ്റുകളിൽ പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അതാത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലീഡ് ബാങ്ക് മാനേജർ, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തണമെന്നും സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുടെ നിർദ്ദേശമുണ്ട്. |

( [illegible] നിയമസഭാ [illegible] ) [signature]

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ :270** **09.07.2010 - ലെ മറുപടി**

## മോട്ടോർ വാഹന വകുപ്പിന്റെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി

**ചോദ്യം**

**ശ്രീ. എ. പ്രദീപ്കുമാർ**
**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**
**ശ്രീമതി. ജെ. അരുന്ധതി**
**ശ്രീ. പി. വിശ്വൻ**

**മറുപടി**

**ശ്രീ. ജോസ് തെറ്റയിൽ,**
**(ഗതാഗത വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ റിക്കാഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 26.01.2002 ൽ കുടുംബശ്രീയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. വകുപ്പിന്റെ 59 ഓഫീസുകളിലായി 31.03.2006 വരെ 37 ലക്ഷത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെയും 44 ലക്ഷത്തോളം ഡ്രൈവിംഗ് ലൈസൻസുകളുടെയും വിവരങ്ങൾ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഫീസുകളുടെ കമ്പ്യൂട്ടർ വത്ക്കരണം പല ഘട്ടങ്ങളിൽ നടത്തിയിട്ടുള്ളതിനാൽ ആ കാലയളവിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെയും ലൈസൻസുകളുടെയും വിവരങ്ങളും ഡിജിറ്റലൈസ് ചെയ്യുന്നതിനായി കുടുംബശ്രീയുമായി 24.4.2010 - ൽ മറ്റൊരു കരാറും ഒപ്പിട്ടിട്ടുണ്ട്. കുടുംബശ്രീയുടെ വിവിധ യൂണിറ്റുകൾ വകുപ്പിന്റെ ഓഫീസുകളിൽ ഡിജിറ്റലൈസേഷൻ നടപടികൾ തുടർന്നു വരുന്നു. |
| (ബി) | മോട്ടോർ ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടോ; | (ബി) യും (സി) യും | പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. നിലവിൽ 50 ലക്ഷത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും 60 ലക്ഷത്തോളം ഡ്രൈവിംഗ് ലൈസൻസുകളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തിയായി വരുന്നു. വാഹനങ്ങളുടെ ഡിജിറ്റലൈസ് ചെയ്ത വിവരങ്ങൾ ഓഫീസുകളിൽ നിന്ന് നേരിട്ടോ, വകുപ്പിന്റെ |
| (സി) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ -ഇതുമൂലം നൽകാൻ കഴിയുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | വെബ്സൈറ്റ് വഴിയോ മൊബൈൽ സർവ്വീസ് വഴിയോ ലഭ്യമാകുന്നതാണ്. |
| (ഡി) | യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; | (ഡി) | ലഭ്യമാണ് |
| (ഇ) | എങ്കിൽ ഇത്തരം വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഇ) | വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധന നടത്തി ഇത്തരം വാഹന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| എഫ്) | വാഹനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ഡാറ്റാ ബേസ് സംരക്ഷിക്കുന്നതിനും ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ? | (എഫ്) | കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ സംരക്ഷണ ചുമതലയിലുള്ള സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ വാഹന ങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചു വരുന്നു. പ്രസ്തുത വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിലൂടെയും എസ്.എം.എസ് വഴി മൊബൈലിലൂടെയും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ